ബാല കുസുമം
മാസിക

പുസ്തകം 13
ലക്കം 05
2026 ജൂലൈ

# മാംസഭോജി സസ്യം

പ്രാണികളെയും ചെറിയ ചിലന്തികളെയും കെണിയിലാക്കി ഭക്ഷിക്കുന്ന ഒരു സസ്യമുണ്ട് അമേരിക്കയിലെ കരോലിനയിലെ തീരദേശ ചതുപ്പ് നിലങ്ങളിൽ. ഡയോണിയ, വീനസ് ഫ്ളൈട്രാപ്പ് എന്നീ പേരുകളിലറിയപ്പെടുന്ന ഈ ചെടിയുടെ ഇലകളുടെ അറ്റത്താണ് കെണിയുള്ളത്. രണ്ട് പാളികളുള്ള ഈ ഇലകൾ ഒരു പുസ്തകം തുറന്നുപിടിച്ചിരിക്കുന്നതു പോലെയാണ് കാണപ്പെടുക. അതിൽ പ്രാണികൾ വന്നിരിക്കുമ്പോൾ ഇല പെട്ടെന്ന് അടയുന്നു.

ഇലകളുടെ ഉൾഭാഗത്തുള്ള വളരെ ചെറിയ രോമങ്ങളിൽ തുടർച്ചയായി രണ്ട് തവണ സ്പർശിച്ചാൽ മാത്രമേ കെണി അടയുകയുള്ളൂ. കെണി അടഞ്ഞുകഴിഞ്ഞാൽ ഇലകൾക്കുള്ളിൽ നിന്ന് പ്രത്യേക ദഹനരസങ്ങൾ പുറപ്പെടും. ഇത് പ്രാണിയുടെ മൃദുവായ ഭാഗങ്ങളെ അലിയിക്കും. ആ പോഷകങ്ങൾ സസ്യം ആഗിരണം ചെയ്യും. ഈ പ്രക്രിയ പൂർത്തിയാകാൻ 5 മുതൽ 12 ദിവസം വരെ സമയമെടുക്കും. ഇരയുടെ ദഹനം പൂർത്തിയായാൽ ഇലകൾ വീണ്ടും തുറക്കും.

ഇലകളിൽ നിന്ന് വളരെ ഉയരത്തിലാണ് പൂക്കളുണ്ടാവുക. പൂമ്പൊടി വിതറാനെത്തുന്ന തേനീച്ചകളും മറ്റു പ്രാണികളും കെണിയിൽ പെട്ടുപോകാതിരിക്കാനാണിത്. തണുപ്പുകാലത്ത് ഈ സസ്യങ്ങൾ വിശ്രമാവസ്ഥയിലാകും.



# അത്യാഗ്രഹം

'**പാ**പത്തിന്റെ അടിസ്ഥാന കാരണം എന്താണ്?' എത്ര ആലോചിച്ചിട്ടും രാജാവിന്റെ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ മന്ത്രിക്ക് കഴിഞ്ഞില്ല. തലതാഴ്ത്തി നിൽക്കുന്ന മന്ത്രിയോട് രാജാവ് പറഞ്ഞു: 'വിവേകശാലിയായ താങ്കൾക്ക് എന്റെ ഈ ലളിതമായ ചോദ്യത്തിന് ഉത്തരമറിയില്ലേ? നാലു ദിവസത്തിനകം ഉത്തരം കണ്ടെത്തിയില്ലെങ്കിൽ ഈ കൊട്ടാരത്തിൽ താങ്കൾക്ക് ഇടമുണ്ടാവില്ല. ഓർത്തോളൂ.'

മന്ത്രി വിഷമത്തിലായി. രാജാവിന്റെ ചോദ്യത്തിന് ഉത്തരം തേടി നാടുകളിലൂടെ ചുറ്റിക്കറങ്ങി. പല പണ്ഡിതന്മാരെയും കണ്ടെങ്കിലും അവർക്കൊന്നും രാജാവിന്റെ ചോദ്യത്തിന് കൃത്യമായ ഉത്തരം പറയാൻ കഴിഞ്ഞില്ല. നിരാശനായ മന്ത്രി കൊട്ടാരത്തിലേക്ക് മടങ്ങുമ്പോഴാണ് വഴിയിൽ ഒരു വൃദ്ധനെ കണ്ടുമുട്ടിയത്. മന്ത്രി ആ വൃദ്ധനോട് രാജാവിന്റെ ചോദ്യത്തിന് ഉത്തരമന്വേഷിച്ചു.

വൃദ്ധൻ പറഞ്ഞു: 'അതിന്റെ ഉത്തരം ഞാൻ പറഞ്ഞുതരാം. അതിനുമുമ്പ്, ഞാൻ പറയുന്ന കാ



ര്യം ചെയ്യണം. പുഴക്കരയിൽ താമസിക്കുന്ന ഒരു മുക്കുവനുണ്ട്. അവനെ കൊന്ന് വീട്ടിലുള്ള വിലപിടിപ്പുള്ള വസ്തുക്കൾ എനിക്കു കൊണ്ടുവന്നു തരണം.’

മന്ത്രി ഞെട്ടിപ്പോയി. ആദ്യമൊന്നു മടിച്ചെങ്കിലും മന്ത്രിസ്ഥാനം നഷ്ടപ്പെടാതിരിക്കാൻ മന്ത്രി അതിനു തയ്യാറാണെന്നറിയിച്ചു. പുഴക്കരയിലേക്ക് പോകാനൊരുങ്ങിയ മന്ത്രിയെ തിരിച്ചുവിളിച്ച് വൃദ്ധൻ പറഞ്ഞു: ‘മന്ത്രീ, കൊലപാതകവും മോഷണവും മഹാപാപമാണെന്നറിയില്ലേ? സ്ഥാനമാനങ്ങളോടുള്ള അത്യാഗ്രഹമാണ് താങ്കളെ ഇപ്പോൾ അതിനു പ്രേരിപ്പിച്ചത്. ഇപ്പോൾ ചോദ്യത്തിന് ഉത്തരം കിട്ടിയല്ലോ, അത്യാഗ്രഹം തന്നെയാണ് പാപങ്ങളുടെ അടിസ്ഥാന കാരണം.’ തന്റെ കണ്ണുതുറപ്പിച്ച വൃദ്ധന് നന്ദി പറഞ്ഞ് മന്ത്രി സന്തോഷത്തോടെ കൊട്ടാരത്തിലേക്ക് നടന്നു.




**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ-ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

# ചോക്കലേറ്റുകൾ

## സാറേ, ജൂലൈ 7 ചോക്കലേറ്റ് ദിനമാണല്ലോ, എങ്ങ നെയാണ് ചോക്കലേറ്റ് മിഠായികൾ ഉണ്ടാക്കുന്നത്?

നിങ്ങൾ കൊക്കോമരത്തെക്കുറിച്ച് കേട്ടിട്ടുണ്ടോ? കൊക്കോ കായയുടെ വിത്തുകളിൽ നിന്നാണ് ലോകമെമ്പാടും ഫാൻസുള്ള ചോക്ലേറ്റ് നിർമ്മിക്കുന്നത്. പാകമായ കൊക്കോകായകൾ പറിച്ചെടുത്ത്, അതിനുള്ളിലെ വിത്തുകൾ






വേർതിരിച്ച് ദിവസങ്ങളോളം പുളിപ്പിക്കാൻ (Fermentation) വയ്ക്കും. പിന്നെയത് ഉണക്കിയെടുക്കും. ഇങ്ങനെ ഉണങ്ങിയ വിത്തുകൾ ഫാക്ടറികളിലെത്തിച്ച് ഉയർന്ന താപനിലയിൽ വറുക്കുകയും, പുറംതോട് കളഞ്ഞ് ഉള്ളിലെ 'കൊക്കോ നിബ്സ്' വേർതിരിക്കുകയും ചെയ്യും. ഈ നിബ്സുകൾ വലിയ യന്ത്രങ്ങളിലിട്ട് നന്നായി അരച്ചെടുക്കുമ്പോൾ ഉരുകിയുണ്ടാകുന്ന കട്ടിയുള്ള ദ്രാവകമാണ് ചോക്ലേറ്റിന്റെ അടിസ്ഥാനം. ഈ ദ്രാവകത്തിലേക്ക് ആവശ്യാനുസരണം പഞ്ചസാര, ബട്ടർ, പാൽപ്പൊടി തുടങ്ങിയ ചേരുവകൾ കൃത്യമായ അളവിൽ ചേർത്താണ് ഡാർക്ക്, മിൽക്ക്, വൈറ്റ് ചോക്ലേറ്റുകൾ തയ്യാറാക്കുന്നത്. തുടർന്ന് യന്ത്രങ്ങളുടെ സഹായത്തോടെ നന്നായി ഇളക്കി മിനുസപ്പെടുത്തിയ ശേഷം പ്രത്യേക താപനിലയിൽ ചൂടാക്കി തണുപ്പിച്ച് അച്ചുകളിലൊഴിച്ച് കട്ടിയാക്കും. ഇങ്ങനെയാണ് നമ്മൾ കഴിക്കുന്ന ചോക്ലേറ്റുകൾ രൂപപ്പെടുന്നത്.

# സഫർ


അസ്സലാമു അ ലൈക്കും
വ അലൈക്കുമു സ്സലാം. ആരാത് സഫർ മോനോ?
ഓ, ഇത്താ, ഹസീബ് ഇവിടെയില്ലേ?
ഉണ്ടല്ലോ, ഉറങ്ങു കയാ. മോൻ കയറിയിരിക്ക്.
ങേ? ഇപ്പോഴും ഉ റങ്ങുകയോ? നേ രം പത്തു മണി കഴിഞ്ഞില്ലേ?
അവൻ അങ്ങനെയാ. ചിലപ്പോൾ ഉച്ചവരെ കിടന്നുറങ്ങിക്കളയും.
ഉച്ച വരെയോ? അപ്പോ ഉറങ്ങാൻ കിടക്കലെപ്പോഴാ?
അത് ചെലപ്പോ പാതിര കഴി ഞ്ഞിട്ടാ.


അതെന്താ ഇത്താ ഇത്രയും വൈകുന്നത്?
വർത്തമാനം പറഞ്ഞും ഫോൺ നോക്കിയിരുന്നും വൈകിപ്പോകുന്നതാ.
ഇവിടെ എല്ലാരും അങ്ങനെയാണോ?
ങാ, വൈകിയാ ഉറങ്ങാൻ കിടക്കാറ്. ഞാൻ അവനെ വിളിച്ചുണർത്താം.
ഞാനൊരു പ്രധാന കാര്യം പറയാൻ വന്നതാടോ. അതിനുമുമ്പ് മറ്റൊരു കാര്യം പറയാനുണ്ട്.
അതെന്താ സഫറേ?
അത് നിന്റെ ഉമ്മ കൂടി കേൾക്കേണ്ടതാ.
ഞാനിവിടെത്തന്നെയുണ്ട് മോനേ, പറഞ്ഞോ.
ഇത്താ, ഉറക്കിനുമുണ്ട് ചില മര്യാദകൾ. ഇത്തക്കറിയില്ലേ?
നീ പറ, കേൾക്കട്ടെ.



രാത്രിയായാൽ അധികം വൈകാതെ ഉറങ്ങണം, രാവിലെ നേരത്തെ എഴുന്നേൽക്കണം. അതാണ് ആരോഗ്യത്തിന് നല്ലത്.
അതു ശരിയാ.
പിന്നെയുമുണ്ട് പല കാര്യങ്ങൾ: ഭക്ഷണം കഴിച്ച് ഉടനെ ഉറങ്ങരുത്, ഫോൺ നോക്കിക്കൊണ്ട് ഉറങ്ങാൻ കിടക്കരുത്. ഉറങ്ങുന്നതിനു മുമ്പ് വുളൂഅ് ചെയ്യണം.
വിരിപ്പും തലയിണയുമൊക്കെ തട്ടിക്കുടയണം. വലതു ഭാഗത്തേക്ക് ചരിഞ്ഞ് മുഖം ഖിബ്‌ലയുടെ നേരെയാകും വിധം കിടക്കണം. ദിക്റുകൾ ചൊല്ലണം. സുബ്ഹിക്കു മുമ്പ് എഴുന്നേൽക്കണം.
എഴുന്നേറ്റാൽ അല്ലാഹുവിനെ സ്തുതിക്കണം. എഴുന്നേറ്റ ഉടനെ രണ്ടു കൈയും നന്നായി കഴുകണം. സുബ്ഹിക്ക് ശേഷം സൂര്യോദയം വരെ ഉറങ്ങാൻ പാടില്ല.
ഇതൊക്കെ നമ്മൾ പഠിച്ചതല്ലേ?
പഠിച്ചാൽ പോരെടോ, അതനുസരിച്ച് പ്രവർത്തിക്കണം.
സഫർ മോനേ, വലിയ കാര്യങ്ങളാ മോൻ പറഞ്ഞത്. പലതും എനിക്കറിയാത്തതാ. വലിയ ഉപകാരമായി.
ഒക്കെ ഈ ഹസീബിനറിയാം ട്ടോ. ഞാൻ പറഞ്ഞതൊക്കെ സുന്നത്തായ കാര്യങ്ങളാ. ഇത്ത അവനെ ശീലിപ്പിക്കാൻ നോക്കണം.
ശരി മോനേ.



മനാസ്വിർ പട്‌ല

# ബഹിരാകാശ ദൗത്യങ്ങൾ

**ബ**ഹിരാകാശ ഗവേഷണ രംഗത്ത് വൻശക്തികൾക്കൊപ്പം തലയുയർത്തി നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ പത്ത് സുപ്രധാന ദൗത്യങ്ങൾ മനസ്സിലാക്കാം:

### ആര്യഭട്ട (1975)

ഇന്ത്യയുടെ ബഹിരാകാശ സ്വപ്നങ്ങൾക്ക് ചിറകുനൽകിയ ആദ്യത്തെ കൃത്രിമഉപഗ്രഹമാണ് ആര്യഭട്ട. പ്രശസ്ത ഇന്ത്യൻ ജ്യോതിശാസ്ത്രജ്ഞനായിരുന്ന ആര്യഭട്ടന്റെ പേരിലുള്ള ഈ ഉപഗ്രഹം പൂർണമായും ഇന്ത്യയിലാണ് രൂപകൽപ്പന ചെയ്തത്. സോവിയറ്റ്‌യൂണിയന്റെ 'കോസ്മോസ്-3 എം' റോക്കറ്റാണ് ആര്യഭട്ടയെ ഭ്രമണപഥത്തിലെത്തിച്ചത്. ബഹിരാകാശയുഗത്തിലേക്കുള്ള ഇന്ത്യയുടെ കവാടമായിരുന്നു ഇത്.

### രോഹിണി ആർ എസ് 1 (1980)

ഇന്ത്യയിൽ നിന്ന് ഇന്ത്യയുടെ സ്വന്തം റോക്കറ്റ് ഉപയോഗിച്ച് വിക്ഷേപിച്ച ആദ്യ ഉപഗ്രഹമാണ് രോഹിണി ആർ എസ് 1. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശകേന്ദ്രത്തിൽ നിന്ന് എസ് എൽ വി 3 യാണ് രോഹിണിയെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചത്. ഇതോടെ, സ്വന്തമായി ഉപഗ്രഹവിക്ഷേപണ സാങ്കേതികവിദ്യയുള്ള ലോകത്തിലെ ആറാമത്തെ രാജ്യം എന്ന എലൈറ്റ് പദവി ഇന്ത്യ സ്വന്തമാക്കി.

## ഇൻസാറ്റ്-1ബി (1983)

ഇന്ത്യക്കാരുടെ നിത്യജീവിതത്തെയും ആശയവിനിമയ സംവിധാനങ്ങളെയും നേരിട്ട് സ്വാധീനിച്ച ആദ്യ ഉപഗ്രഹപരമ്പരയാണ് ഇൻസാറ്റ് (INSAT Indian National Satellite System). ഇതിൽ 'ഇൻസാറ്റ്-1ബി' കൈവരിച്ച വിജയം രാജ്യത്ത് വലിയൊരു വിപ്ലവത്തിന് നാന്ദികുറിച്ചു. റേഡിയോയിലും ദൂരദർശനിലും പരിമിതമായിരുന്ന ഇന്ത്യയിൽ ടെലിവിഷൻ സംപ്രേഷണം, ടെലികമ്മ്യൂണിക്കേഷൻ, കാലാവസ്ഥാ പ്രവചനം, ദുരന്ത മുന്നറിയിപ്പുകൾ എന്നിവ ഒറ്റ ശൃംഖലയ്ക്കു കീഴിലേക്ക് കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു.



## ചന്ദ്രയാൻ-1 (2008)

ഇന്ത്യയുടെ ചരിത്രപ്രസിദ്ധമായ ആദ്യ ചന്ദ്രദൗത്യമായിരുന്നു ചന്ദ്രയാൻ 1. പി.എസ്.എൽ.വി റോക്കറ്റ് ഉപയോഗിച്ച് വിക്ഷേപിച്ച ഈ പേടകം ചന്ദ്രനെ വലംവെച്ചുകൊണ്ട് കൃത്യമായ മാപ്പിംഗ് നടത്തി. 'മൂൺ ഇംപാക്ട് പ്രോബ്' ചന്ദ്രോപരിതലത്തിൽ പതിപ്പിച്ചതായിരുന്നു ഈ ദൗത്യത്തിലെ പ്രധാന നേട്ടം. ചന്ദ്രനിൽ ജലതന്മാത്രകളുണ്ടെന്ന് ആദ്യമായി തെളിയിച്ച ചന്ദ്രയാൻ 1 ശാസ്ത്രലോകത്ത് ഇന്ത്യയുടെ അന്തസ്സ് വാനോളമുയർത്തി.

## മംഗൾയാൻ (2013)

ഇന്ത്യയുടെ ആദ്യത്തെ അന്തർഗ്രഹദൗത്യമായിരുന്നു മാർസ് ഓർബിറ്റർ മിഷൻ അഥവാ മംഗൾയാൻ. ആദ്യശ്രമത്തിൽ തന്നെ വിജയകരമായി ചൊവ്വയുടെ ഭ്രമണപഥത്തിൽ പേടകമെത്തിക്കുന്ന ആദ്യരാജ്യമായി ഇന്ത്യ മാറി. ഏകദേശം 450 കോടി രൂപ മാത്രമായിരുന്നു ഈ ചരിത്രദൗത്യത്തിന്റെ ചെലവ്. ഐ എസ് ആർ ഒ യുടെ കൃത്യതയാർന്ന സാങ്കേതികവിദ്യയുടെ ആഗോള ബ്രാൻഡായി മംഗൾയാൻ മാറി.



## കാർട്ടോസാറ്റ്

ഇന്ത്യയുടെ പ്രതിരോധ മേഖലയ്ക്കും വികസനത്തിനും കരുത്തുപകരുന്ന ഭൗമനിരീക്ഷണ ഉപഗ്രഹങ്ങളാണ് കാർട്ടോസാറ്റുകൾ. ഉയർന്ന റെസല്യൂഷനുള്ള ചിത്രങ്ങളെടുക്കാൻ ശേഷിയുള്ള ക്യാമറകളാണിതിന്റെ പ്രത്യേകത. അതിർത്തി നിരീക്ഷണം, ഭൂപടനിർമാണം, നഗരാസൂത്രണം തുടങ്ങി വിവിധ രംഗങ്ങളിൽ ഈ ഉപഗ്രഹങ്ങൾ നിർണായകമായി.

## നവിക് (2013-2018)

അമേരിക്കയുടെ ജി.പി.എസ് സംവിധാനത്തെ ആശ്രയിക്കാതെ ഇന്ത്യ വികസിപ്പിച്ചെടുത്ത പ്രാദേശിക നാവിഗേഷൻ സംവിധാനമാണ് നവിക് (NavIC - Navigation with Indian Constellation). ഏഴ് ഉപഗ്രഹങ്ങളടങ്ങുന്ന ഒരു ശ്യംഖലയാണിത്. ഇന്ത്യൻ അതിർത്തിയും അതിനു ചുറ്റുമുള്ള 1500 കിലോമീറ്ററോളം പ്രദേശവും കൃത്യമായി നിരീക്ഷിക്കാൻ സാധിക്കുന്ന നവിക് യുദ്ധകാലങ്ങളിലും മറ്റും രാജ്യസുരക്ഷയുടെ നട്ടെല്ലാണ്.

## അസ്ട്രോസാറ്റ് (2015)

പ്രപഞ്ചരഹസ്യങ്ങൾ തേടിയുള്ള ഇന്ത്യയുടെ ആദ്യത്തെ സമർപ്പിത ബഹിരാകാശ നിരീക്ഷണാലയമാണ് അസ്ട്രോസാറ്റ്. അമേരിക്കയുടെ ഹബിൾ ടെലിസ്കോപ്പിനു സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന ഈ ഉപഗ്രഹം, ഒരേ സമയം അൾട്രാവയലറ്റ്, എക്സ്-റേ തരംഗദൈർഘ്യങ്ങളിൽ പ്രപഞ്ചത്തെ നിരീക്ഷിക്കാൻ ശേ



ഷിയുള്ളതാണ്. തമോഗർത്തങ്ങൾ, നക്ഷത്രങ്ങളുടെ ഉത്പത്തി, ഗാലക്സികൾ എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനങ്ങൾക്ക് ഈ ദൗത്യം അന്താരാഷ്ട്ര തലത്തിൽ വലിയ സംഭാവനകൾ നൽകുന്നു.

**ചന്ദ്രയാൻ-3 (2023)**

ലോക ചരിത്രത്തിൽ ഇന്ത്യയുടെ പേര് എഴുതിച്ചേർത്ത ദൗത്യമാണ് ചന്ദ്രയാൻ 3. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ വിജയകരമായി പേടകം സോഫ്റ്റ് ലാന്റ് ചെയ്യിക്കുന്ന ലോകത്തിലെ ആദ്യ രാജ്യമായി ഇന്ത്യ മാറി. ഇതിലെ 'വിക്രം' ലാന്ററും 'പ്രഗ്യാൻ' റോവറും



ചന്ദ്രനിലെ താപനില വ്യതിയാനങ്ങൾ, ഉപരിതലത്തിലെ മൂലകങ്ങൾ സംബന്ധിച്ച് നിർണായകവിവരങ്ങൾ ശേഖരിച്ച് ഭൂമിയിലേക്ക് അയച്ചിരുന്നു.

**ആദിത്യ-എൽ 1 (2023)**

സൂര്യനെക്കുറിച്ച് പഠിക്കാനായി ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ അത്യാധുനിക ഉപഗ്രഹമാണ് ആദിത്യ-എൽ1. ഭൂമിയിൽ നിന്ന് ഏകദേശം പതിനഞ്ച് ലക്ഷം കിലോമീറ്റർ അകലെയുള്ള, ലഗ്രാഞ്ച് പോയിന്റ് 1 ലാണ് ഈ ഉപഗ്രഹം നിലയുറപ്പിച്ചിരിക്കുന്നത്. സൂര്യന്റെ പുറംഭാഗമായ കൊറോണ, സൗരക്കാറ്റുകൾ, കാന്തികമണ്ഡലങ്ങൾ എന്നിവയെക്കുറിച്ച് 2024 ജനുവരി മുതൽ ഈ ഉപഗ്രഹം പഠിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയുടെ ബഹിരാകാശ സ്വപ്നങ്ങൾക്ക് അടിത്തറയിട്ട ദൗത്യമാണ് 2025 ൽ ഐ എസ് ആർ ഒ പരീക്ഷിച്ച സ്പേഡെക്സ്. ബഹിരാകാശത്തുവെച്ച് രണ്ട് പേടകങ്ങളെ പരസ്പരം കൂട്ടിയോജിപ്പിക്കുന്ന സാങ്കേതികവിദ്യയാണിത്. ഇന്ത്യയുടെ സ്വപ്നപദ്ധതികളായ 'ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ', മനുഷ്യനെ ബഹിരാകാശത്തെത്തിക്കുന്ന 'ഗഗൻയാൻ' ദൗത്യങ്ങൾക്കും ഈ സാങ്കേതികവിദ്യ അത്യന്തം നിർണ്ണായകമാണ്.

അബൂറയ്യാൻ

# ഉപ്പയുടെ വിയർപ്പ്

**പ**കലന്തിയോളം മാർക്കറ്റിൽ ജോലി ചെയ്തിരുന്ന ഒരു പാവപ്പെട്ട ചുമട്ടുതൊഴിലാളിയുണ്ടായിരുന്നു.

പഴയതും മുഷിഞ്ഞതുമായ വസ്ത്രങ്ങളായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. എന്നാൽ തന്റെ മകൻ എപ്പോഴും ഏറ്റവും നല്ല വസ്ത്രങ്ങൾ ധരിക്കണമെന്നും മികച്ച ഭക്ഷണം കഴിക്കണമെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

ഒരു ദിവസം മകൻ ഉപ്പയോട് ചോദി



ച്ചു: ‘എന്തുകൊണ്ടാണ് ഉപ്പ പുതിയ കുപ്പായം വാങ്ങാത്തത്? ഈ കുപ്പായം വളരെ മുഷിഞ്ഞിരിക്കുന്നല്ലോ.’

പിതാവ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: ‘മോനേ, എന്റെ വസ്ത്രങ്ങളിലല്ല, നിന്റെ വിജയത്തിലും നേട്ടങ്ങളിലുമാണ് എന്റെ സന്തോഷം.’

പിതാവിന്റെ കഠിനാധ്വാന ഫലമായി മകൻ പഠിച്ചുവളർന്ന് ഒരു മികച്ച ഡോക്ടറായി. അവന്റെ ബിരുദദാന ചടങ്ങിൽ, അധ്വാനിച്ചു തളർന്ന തന്റെ കൈകൾ ഒളിച്ചുപിടിച്ച് ആ ഉപ്പ സദസ്സിന്റെ ഒരു മൂലയിൽ നിന്നു. എന്നാൽ, മകൻ അദ്ദേഹത്തിനടുത്തേക്ക് ഓടിച്ചെന്ന് ആ കൈകൾ പിടിച്ച് എല്ലാവരുടെയും മുന്നിൽ വെച്ച് തുരുതുരാ ചുംബിച്ചു. ശേഷം പറഞ്ഞു: ‘തളർന്നുപോയ ഈ കൈകളാണ് എന്നെ ഞാനാക്കിയത്. ഉപ്പയുടെ നെറ്റിയിലെ വിയർപ്പുതുള്ളികളുടെ ഫലമാണ് ഈ നിൽക്കുന്ന ഡോക്ടർ.’

# വരിവരിയായ്

**വ**രിവരിയായിപ്പോകുന്നു
നിരനിരയായിപ്പോകുന്നു
കുഞ്ഞനുറുമ്പുകൾ പോകുന്നു
അരിമണി പൊക്കാൻ പോകുന്നു.
ഇത്തിരിയുള്ളവരെന്നാലും
ഒത്തിരി ഭാരമെടുക്കുന്നോർ.
ഒത്തുപിടിച്ചാൽ മലയിളകും
എന്നൊരു ചൊല്ല് പഠിച്ചുള്ളോർ.
കുഞ്ഞനുറുമ്പിൻ കാര്യത്തിൽ
ഒത്തിരിയുണ്ട് പഠിച്ചീടാൻ.

അബ്ദുല്ല പേരാമ്പ്ര



# ആനയും മിന്നാമിനുങ്ങും


സന്ധ്യാനേരത്ത് കാട്ടിലൂടെ നടക്കുകയായിരുന്നു ആന.
ഒരു മിന്നാമിനുങ്ങല്ലേ ആ ഇലകൾക്കിടയിലിരുന്ന് പ്രകാശിക്കുന്നത്?


ചങ്ങാതീ, ഈ വെളിച്ചം കത്തിച്ച് ഇവിടെ ഒളിഞ്ഞിരിക്കുകയാണോ? കാട്ടിൽ പറന്നു നടക്കൂ.
ഈ കുഞ്ഞുവെളിച്ചവുമായി ഞാൻ എന്തു ചെയ്യാനാ?


ആന മിന്നാമിനുങ്ങിനെ തുമ്പിക്കൈയിൽ വാരിയെടുത്തു.
വരൂ, നമുക്ക് ഇത്തിരി ദൂരം കാട്ടിലൂടെ സഞ്ചരിച്ചാലോ?


ആനയുടെ തുമ്പിക്കൈയിലിരിക്കുന്ന മിന്നാമിനുങ്ങിനെ മറ്റു മൃഗങ്ങൾ കൗതുകത്തോടെ നോക്കി.
ഹായ്! എന്തു രസം!
ഇത്ര വലിയ ആനക്ക് പോലും വഴി കാണിക്കുന്ന മിന്നാമിനുങ്ങ് മിടുക്കൻ തന്നെ!
ചങ്ങാതീ, കേട്ടില്ലേ അവർ പറയുന്നത്!
ങ്ഹാ!
ആരും കാണാതെ ഒളിച്ചിരുന്നാൽ നമ്മുടെ കഴിവുകൾ ലോകമറിയില്ല.
എല്ലാവർക്കും കഴിവുകളുണ്ട്. അവ പുറത്തെടുത്ത് നന്നായി പ്രവർത്തിക്കണം. കേട്ടോ.
ശരി ആനച്ചേട്ടാ, ഞാനിനി മുതൽ മടിച്ചിരിക്കില്ല.

അബൂതസ്നീം

# മിതവ്യയത്തിന്റെ പാഠങ്ങൾ

'ഇന്നെന്താ, മുജ്തബ യുടെ മുഖം വാടിയിരിക്കുന്നല്ലോ. എന്തുപറ്റി?' അൻവർസാറിന്റെ ചോദ്യം കേട്ട് കുഞ്ഞുമോൻ ഞെട്ടി. എന്താണിപ്പോ പറയ്വാ?

അറ്റൻഡൻസ് എടുത്തു കഴിഞ്ഞാൽ സാറിന്റെ കണ്ണുകൾ കുട്ടികളുടെ മുഖങ്ങളിലൂടെ സഞ്ചരിക്കും. ഓരോ കുട്ടിയുടെയും അവസ്ഥകൾ മനസ്സിലാക്കാനാണ്. വിഷമിക്കുന്നവരുടെ പ്രയാസങ്ങൾ ചോദിച്ചറിയും. ഉറക്കെ പറയാൻ മടിയാണെങ്കിൽ സാറിന്റെ ചെവിയിൽ പറഞ്ഞാൽ മതി.

സാർ അടുത്തുവന്ന് വീണ്ടും ചോദിച്ചപ്പോൾ കുഞ്ഞുമോൻ പറഞ്ഞു: 'ഒന്നൂല്ല സാർ.'

'അല്ല, എന്തോ ഉണ്ടെടോ, നീ പറയ്.' സാർ ചെവി കുഞ്ഞുമോന്റെ ചുണ്ടിനു നേരെ അടുപ്പിച്ചു. അപ്പോൾ കുഞ്ഞുമോന് ധൈര്യമായി, മറ്റാരും കേൾക്കില്ലല്ലോ. അവൻ മെല്ലെ പറഞ്ഞു: 'സാറേ, ഇന്ന് ഉപ്പ ആകെ മൂഡൗട്ടിലായിരുന്നു. കറണ്ട്ബില്ല് എത്രയോ കൂടുതലാണ്. അതിന് ഉമ്മയോടു ദേഷ്യപ്പെട്ടു. അപ്പോൾ ഉമ്മ പറഞ്ഞു: 'കുഞ്ഞോന്യാനും കുഞ്ഞോള്യാളും എപ്പോഴും ഫാനും എസിയും ലൈറ്റുമൊക്കെ ഇട്ടിട്ടാ'ന്ന്. അപ്പോ ഉപ്പ എന്നോട് ദേഷ്യപ്പെട്ടു. ഞാൻ മാത്രമല്ലല്ലോ കറണ്ട് ചാർജ് കൂടിയതിന് ഉത്തരവാദി.'

'ഓ... അതാണോ പ്രശ്നം? സാരമില്ലെടോ, ഉമ്മയും ഉപ്പയുമൊക്കെ മക്കളോട് ദേഷ്യപ്പെടുന്നത് സാധാരണമല്ലേ? അതിനിങ്ങനെ വിഷമിക്കണോ? മുജ്തബ അതൊരു വെല്ലുവിളിയായെടുക്കൂ. അടുത്ത മാസത്തെ ബിൽ

സംഖ്യ പകുതിയായി കുറയ്ക്കാൻ ഞാൻ ചില സൂത്രങ്ങൾ പറഞ്ഞുതരാം.'

അൻവർ സാർ അവനെ സമാധാനിപ്പിച്ചപ്പോൾ ആമിന പറഞ്ഞു: 'സാറേ, ഞങ്ങളെ വീട്ടിലുമുണ്ട് ഈ പ്രശ്നം. ഞങ്ങൾക്കും പറഞ്ഞുതരണം സൂത്രം.'

'ഓകേ. എന്നാലിന്നത്തെ ആദ്യപാഠം ആ സൂത്രം തന്നെയാവാം.' സാർ നിവർന്നുനിന്നു കുട്ടികളുടെ ശ്രദ്ധ ക്ഷണിച്ചു.

'കറണ്ടിനെക്കുറിച്ചുള്ള ചർച്ചയിൽ നിങ്ങൾ പീക്ക് ടൈം എന്ന് കേട്ടിട്ടുണ്ടോ നിങ്ങൾ?'

'ഉണ്ട് സാർ, അതെന്താണെന്ന് മനസ്സിലായിട്ടില്ല.'

'വൈകുന്നേരം ആറു



മണിക്കും രാത്രി പത്തു മണിക്കുമിടയിലുള്ള സമയമാണത്. ഏറ്റവുമധികം കറണ്ട് ഉപയോഗം വരുന്ന സമയമാണിത്. ഈ



സമയത്ത് ഉപയോഗിക്കുന്ന കറണ്ടിന് വില കൂടും. ഇത് ശ്രദ്ധിക്കാത്തതുകൊണ്ടാണ് കറണ്ട് ബില്ല് പലരെയും ഷോക്കടിപ്പിക്കുന്നത്.'

'അപ്പോ കറണ്ട് ഉപയോഗിക്കാതിരിക്കാൻ പറ്റില്ലല്ലോ. നമ്മള് പഠിക്കുന്ന സമയമല്ലേ? ലൈറ്റില്ലാതെ എങ്ങനെ പഠിക്കും?' ജസീം ഗൗരവത്തിൽ ചോദിച്ചു.

'എന്നാപ്പിന്നെ ഹോംവർക്കൊന്നും ചെയ്യേണ്ടല്ലോ സാറേ' റിയാസിന്റെ ചോദ്യം ക്ലാസ്സിൽ ചിരി പടർത്തി.

'ങാ, നീ നാളെ ഈ കാരണം പറഞ്ഞ് ഹോംവർക്ക് ചെയ്യാതെ വന്നാൽ അപ്പോ കാണാം.' സാർ അവനു നേരെ നോക്കി ച്ചിരിച്ചുകൊണ്ട് തുടർന്നു: 'ഈ സമയത്ത് ലൈറ്റിടേണ്ട എന്നല്ല പറഞ്ഞത്, അത്യാവശ്യമായ ലൈറ്റുകൾ മാത്രം മതി. പ്രവർത്തിക്കാൻ കൂടുതൽ കറണ്ട് വേണ്ടിവരുന്ന എസി, ഇസ്തിരിപ്പെട്ടി, ഇൻഡക്ഷൻ കുക്കർ, മോ

ട്ടോർ, വാഷിംഗ് മെഷീൻ തുടങ്ങിയവ ഈ സമയത്ത് ഉപയോഗിക്കാതിരുന്നാൽ മതി. ഫ്രിഡ്ജും ആ സമയത്ത് ഓഫാക്കാം. എന്നാൽ വലിയൊരു അളവ് കറണ്ട് ഓരോ ദിവസവും ലാഭിക്കാൻ കഴിയും.'

'സാറേ, ചൂട് സഹിക്കാൻ വയ്യാതാകുമ്പോൾ എസി ഓണാക്കാതെ എങ്ങനെയാ?' നാജിയ നെറ്റി ചുളിച്ചുകൊണ്ട് ചോദിച്ചു.

'നാജിയക്ക് നിർബന്ധമാണെങ്കിൽ എസി ഓൺ ആക്കിക്കോളൂ. ശ്രദ്ധിച്ചാൽ അതിന്റെയും കറണ്ട് ചെലവ് കുറയ്ക്കാൻ കഴിയും.'

'അതെങ്ങനെയാ സാറേ?'

'എസി 26 ഡിഗ്രി സെൽഷ്യസിൽ സെറ്റ് ചെയ്യുക. റൂമിന്റെ വാതിലും ജനലും മറ്റു ദ്വാരങ്ങളും നന്നായി അടച്ചിട്ട് തണുപ്പ് പുറത്തേക്കു പോകുന്നില്ലെന്ന് ഉറപ്പുവരുത്തുക. എന്നാൽ കറന്റിന്റെ ഉപയോഗം കുറയ്ക്കാം.'

'സാറേ, ഫ്രിഡ്ജിന്റെ കാര്യത്തിലും പലതും ശ്രദ്ധിക്കാനില്ലേ?' കുഞ്ഞുമോൻ ചോദിച്ചു.

'ങ്ആ. ശ്രദ്ധിച്ചാൽ ഫ്രിഡ്ജിന്റെ ഉപയോഗത്തിലും കറന്റ് ലാഭിക്കാൻ കഴിയും. ഫ്രിഡ്ജിന്റെ ഡോർ ഇടയ്ക്കിടെ തുറക്കുകയോ തുറന്നിടുകയോ ചെയ്താൽ കറന്റ് കൂടുതൽ വേണ്ടിവരും. ആവശ്യത്തിനുമാത്രം തുറക്കുക. തുറന്നാൽ വേഗത്തിൽ അടയ്ക്കുക. ഫ്രിഡ്ജിൽ സാധനങ്ങൾ കുത്തിനിറയ്ക്കാതിരിക്കുക. ഫ്രീസറിൽ ഐസ് നിറഞ്ഞാൽ ഉടൻ ഒഴിവാക്കാൻ ശ്രദ്ധിക്കുക. എന്നാൽ, ഫ്രിഡ്ജിന്റെ വകയിലും കറണ്ട് ചാർജ് കുറയ്ക്കാം.'

'ഐഡിയകളൊക്കെ കൊള്ളാം സാറേ. പക്ഷേ, നമ്മൾക്ക് ഇതൊക്കെ കഴിയുമോ?' ഹാരിസിന്റെ സംശയം.

'എന്തുകൊണ്ട് കഴിയില്ല? ഇന്നു തന്നെ തുടങ്ങിക്കോളൂ. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം വീട്ടിൽ ചെന്ന് മാതാപിതാക്കളോടും മറ്റുള്ളവരോടും പറയുക. കാര്യങ്ങൾ പറഞ്ഞതു പ്രകാരം നടക്കുന്നുണ്ടോ എന്ന് നിങ്ങൾ ശ്രദ്ധിച്ചാൽ മതി.'

'പിന്നെ ചില കാര്യങ്ങൾ കൂടിയുണ്ട് ശ്രദ്ധിക്കാൻ: പല സ്വിച്ചുകളും ഓണായിക്കിടക്കുന്നുണ്ടാവും. അവയെല്ലാം ഓഫാക്കണം. മുറിയിൽ നിന്നു പുറത്തിറങ്ങുമ്പോൾ ഫാൻ, ലൈറ്റ് സ്വിച്ചുകൾ ഓഫാക്കിയിട്ടു

ണ്ടെന്ന് ഉറപ്പുവരുത്തണം. ടിവിയും മറ്റും റിമോട്ടിൽ മാത്രം ഓഫാക്കിയാൽ പോരാ, പവർസ്വിച്ചു കൂടി ഓഫ് ആക്കണം. മൊബൈൽ ചാർജറുകളുടെ സ്വിച്ച് എപ്പോഴും ഓണായിക്കിടക്കുന്നുണ്ടാവും. അതും ഓഫാക്കണം. വെള്ളത്തിന്റെ ഉപയോഗം പരമാവധി കുറച്ചാൽ ആ വകയിലും കറണ്ട് ലാഭിക്കാം. വീട്ടിലായിരിക്കുമ്പോൾ പകലിൽ ജനലും വാതിലുമൊക്കെ തുറന്നിട്ടാൽ അകത്തു നല്ല കാറ്റും വെളിച്ചവും കിട്ടുമല്ലോ. അപ്പോൾ ഫാനിന്റെയും ലൈറ്റിന്റെയും ചെലവ് കുറയ്ക്കാം.'

'അപ്പോ നല്ല പിശുക്കനാവണം അല്ലേ സാറേ?' റിയാസിന്റെ കമന്റ് കേട്ട് കുട്ടികൾ ചിരിച്ചു.

'അതേടോ; ഇത്തരം കാര്യങ്ങളിൽ അല്പം പിശുക്ക് കാണിച്ചില്ലെങ്കിൽ കറണ്ട്ബില്ല് വരുമ്പോൾ ഷോക്കടിച്ച് വീഴും. ഓർക്കണം: ഇതൊന്നും പിശുക്കല്ല; മിതവ്യത്തിന്റെ പാഠങ്ങളാണ്.'

## ചില്ലകൾ തോറും

ആനപ്പുഴക്കര അനിൽ



**ചി**ല്ലകൾ തോറും ഊഞ്ഞാലാടും
ചിമ്പുകുരങ്ങാ സൂക്ഷിച്ചോ,
ചില്ലയൊടിഞ്ഞാലയ്യോ നീയീ
പാറക്കെട്ടിൽ വീഴില്ലേ?

ഇല്ലില്ലില്ലാ വീഴില്ലാ,
മറ്റൊരു കൊമ്പിൽ
തൂങ്ങും ഞാൻ.

നിന്നുടെ വേലകൾ കണ്ടാലയ്യോ
പുള്ളിപ്പുലികൾ കടിക്കില്ലേ?
ഇല്ലില്ലില്ലാ അതിൻമുമ്പേ
ഇല്ലിക്കാട്ടിലൊളിക്കും ഞാൻ.

കവിത കവിയുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

റൈഹാൻ

സമസ്ത ചരിത്രം -31

# കാരക്കുന്ന് മമ്മദ് മുസ്‌ലിയാർ



ജീവിതകാലം മുഴുവൻ പഠിക്കാനും പഠിപ്പിക്കാനുമായി വിനിയോഗിക്കുക. അതിലും വലിയ സൗഭാഗ്യം മറ്റെന്താണുള്ളത്! അങ്ങനെയൊരു സൗഭാഗ്യം ലഭിച്ച മഹാനാണ് കാരക്കുന്ന് മമ്മദ് മുസ്‌ലിയാർ. മഞ്ചേരിക്കടുത്ത് കാരക്കുന്നിലാണ് ഹി. 1353 ൽ (1934) മമ്മദ് മുസ്‌ലിയാരുടെ ജനനം. പാലക്കൽ കുഞ്ഞാലി - മണ്ടങ്ങോടൻ ആഇശ ദമ്പതികളുടെ മകനാണ്. നല്ല മതചിട്ടയുള്ള ഉമ്മയും ഉപ്പയും! അതുകൊണ്ടുതന്നെ ശൈശവത്തിലേ ആ കുട്ടിക്കു നല്ല ശിക്ഷണം ലഭിച്ചു. നല്ല സ്വഭാവം ശീലമായി. ഏഴു വയസ്സായപ്പോഴേക്കും ഖുർആൻ നല്ല നിലയിൽ ഓതാൻ പഠിച്ചു. കാരക്കുന്ന് മാപ്പിളസ്കൂളിൽ ചേർന്നു ഭൗതികവിദ്യാഭ്യാസവും നേടി.

പന്ത്രണ്ടാം വയസ്സിലാണ് മമ്മദ് മുസ്‌ലിയാർ ദർസ്പഠനം ആരംഭിച്ചത്. പല ദർസുകളിലും മാറിമാറി പഠിച്ചു. മഹാന്മാരായ പല പണ്ഡിതന്മാരുടെയും ശിഷ്യത്വം നേടി. സമർത്ഥനും ബുദ്ധിമാനുമായ ആ കുട്ടിയുടെ വിജ്ഞാനദാഹം തീർക്കാൻ ഉസ്താദുമാർ തന്നെ മറ്റു പണ്ഡിതരുടെ അടുത്തേക്ക് പറഞ്ഞയക്കുകയായിരുന്നു. ദർസ് പഠനകാലത്തുതന്നെ അദ്ദേഹം സ്വന്തം താല്പര്യപ്രകാരം ഉറുദു, പാർസി ഭാഷകളും പ

റിച്ചു. അങ്ങനെ പഠിച്ചുപഠിച്ച് ഹി. 1877 ൽ (1958) ബിരുദം നേടാനായി വെല്ലൂർ ബാഖിയാത്തിൽ ചേർന്നു. ശൈഖ് ആദം ഹസ്റത്തിനെപ്പോലുള്ള മഹാപണ്ഡിതന്മാരായിരുന്നു അവിടത്തെ ഗുരുനാഥന്മാർ. അങ്ങനെ വിജ്ഞാനസപര്യയിൽ മുഴുകിക്കഴിയുമ്പോഴാണ് ദുഃഖകരവും വേദനാജനകവുമായ ചില അനുഭവങ്ങൾ ഉസ്താദിന് നേരിടേണ്ടിവന്നത്. ഒന്ന് ആദരണീയഗുരു ആദം ഹസ്റത്തിന്റെ മരണം. മറ്റൊന്ന് പ്രിയപ്പെട്ട പിതാവിന്റെ വേർപാട്. കൂടാതെ മാരകമായ വസൂരിരോഗവും. പക്ഷേ ഉസ്താദ് തളർന്നില്ല. അസാമാന്യമായ സഹനത്തോടെ എല്ലാ പരീക്ഷണങ്ങളെയും തരണം ചെയ്തു. മനസ്സുറപ്പോടെ പരീക്ഷകളെ നേരിട്ടു. ഉന്നതവിജയം നേടി. പാർസിഭാഷാ പരീക്ഷയിൽ ഒന്നാം റാങ്കോടെയാണ് ഉസ്താദ് വിജയം കൈവരിച്ചത്. മഹാനായ സിഎം വലിയുല്ലാഹി ബാഖിയാത്തിൽ ഉസ്താദിന്റെ സതീർത്ഥ്യനായിരുന്നു.

ബാഖവി ബിരുദം നേടി 1961ൽ തിരിച്ചുവന്ന് അധ്യാപനത്തിൽ മുഴുകി. കൊടശ്ശേരി, കാവനൂർ, പുല്ലാര, പടന്ന തുടങ്ങിയ ദർസുകളിൽ മുദരിസായി. പാലക്കാട് ജന്നത്തുൽഉലൂം, കുഴിമണ്ണ ഇസ്സത്തുൽ ഇസ്‌ലാം, കൂട്ടായി മഖ്ദൂമിയ്യ അറബിക്കോളേജുകളിൽ പ്രിൻസിപ്പാളായി. കാസർഗോഡ് ജാമിഅ സഅദിയ്യയിൽ സീനിയർ പ്രൊഫസറായി. ഒപ്പം നാടുനീളെ പ്രഭാഷണങ്ങൾ, പുത്തൻവാദികൾക്കെതിരെ ഖണ്ഡനപ്രസംഗങ്ങൾ, വാദപ്രതിവാദങ്ങൾ! സംഘടനാപ്രവർത്തനങ്ങൾ! വിശ്രമമില്ലാത്ത തിരക്കുപിടിച്ച ജീവിതമായിരുന്നു മമ്മദ് മുസ്‌ലിയാരുടേത്. സമസ്ത



കേന്ദ്രമുശാവറ അംഗം, സുന്നി വിദ്യാഭ്യാസ ബോർഡ് അംഗം, മലപ്പുറം ജില്ലാ ജംഇയ്യത്തുൽഉലമ വൈസ് പ്രസിഡന്റ്, മഞ്ചേരി ഹികമിയ്യ സ്ഥാപകപ്രസിഡന്റ്, കാരക്കുന്ന് അൽഫലാഹ് സ്ഥാപകൻ എന്നീ പദവികൾ അലങ്കരിച്ചു. എസ്എസ്എഫിന്റെ രൂപീകരണത്തിൽ വലിയ പങ്കുവഹിച്ചു. ഇതിനെല്ലാം പുറമെ നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു ഉസ്താദ്. ആനുകാലികങ്ങളിൽ ശ്രദ്ധേയമായ ലേഖനങ്ങളെഴുതി. ഖാദിയാനിസത്തിന്റെ കാണാപ്പുറങ്ങൾ,



ബറാഅത്ത് രാവ്, ലോകൈക നേതാവ്, ത്യാഗിവര്യനായ നേതാവ് തുടങ്ങിയ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

വിനയാന്വിതനായിരുന്നു ഉസ്താദ്. ആർക്കും എപ്പോഴും സമീപിക്കാം, സംശയങ്ങൾ ചോദിക്കാം, വർത്തമാനം പറയാം, സഹായങ്ങൾ തേടാം. ഒരാളെയും നിരാശനായി മടങ്ങാൻ ഉസ്താദ് വിട്ടിരുന്നില്ല. സദാ കർമ്മനിരതനായിരുന്നു. ഒരു നിമിഷം പോലും പാഴാക്കിയിരുന്നില്ല. അധ്യാപനം, അധ്യായനം, വായന, എഴുത്ത്, സംഘടനാപ്രവർത്തനം, ജനസേവനം, ഒപ്പം രോഗചികിത്സയും. സജീവമായിരുന്നു ഉസ്താദിന്റെ ദിവസങ്ങൾ. ശിഷ്യർക്കും സന്താനങ്ങൾക്കും കുടുംബത്തിനും ആവശ്യമായ പ്രായോഗിക ഉപദേശനിർദ്ദേശങ്ങൾ നൽകാനും ഉസ്താദ് ശ്രദ്ധിച്ചിരുന്നു.

ഇങ്ങനെ കർമ്മനിരതമായ ആ ജീവിതത്തിന് (ഹി 1425 ദുൽഹിജ്ജ 11) 2005 ജനുവരി 22 ന് തിരശ്ശീല വീണു; എഴുപത്തിരണ്ടാം വയസ്സിൽ! കാരക്കുന്ന് മുത്തലാട്ട് ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.


ഹോജ
രണ്ടുപേർ തർക്കം പരിഹരിക്കാൻ ഹോജയുടെ അടുത്തെത്തി.
പ്രഭോ, ഞാൻ ഇദ്ദേഹത്തിന്റെ കടയിൽ നിന്ന് ഒരു പുഴുങ്ങിയ മുട്ട കഴിച്ചു.
ഹും, എന്നിട്ട്?
ആ കോഴിമുട്ടക്ക് 5 പവനാണത്രെ വില!
ഹേയ്, കച്ചവടക്കാരാ, ഇയാൾ പറഞ്ഞത് ശരിയാണോ?
അതേ പ്രഭോ, ആ മുട്ട വിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങളുണ്ടായി...
അതിന് വീണ്ടും കുഞ്ഞുങ്ങളുണ്ടായിരുന്നുവെങ്കിൽ അതുവഴി എനിക്ക് 5 പവൻ ലഭിക്കുമായിരുന്നു. ആ വിലയാണ് ഞാൻ ചോദിച്ചത്.
നിങ്ങളുടെ വാദം കൊള്ളാം! അല്പ നേരം കാത്തിരിക്കൂ, ഞാനിപ്പോൾ വരാം.


ഹോജ വീടിനകത്തു പോയി ഒരു പാത്രത്തിൽ അല്പം ചോറുമായി വന്നു.
ഹും, ഇതിവിടെ വളരട്ടെ!
ഹേയ്! എന്തിനാണ് ആ ചോറ് കുഴിച്ചിടുന്നത്?
ഇത് വളർന്ന് നെൽ ചെടികളായാൽ ധാരാളം അരി കിട്ടുമല്ലോ.
ഹിഹി! അതിന് ചോറ് മുളയ്ക്കില്ലല്ലോ!
പുഴുങ്ങിയ മുട്ടയിൽ കുഞ്ഞുങ്ങൾ ഉണ്ടാകുമെങ്കിൽ വേവിച്ച അരി മുളയ്ക്കുന്നതിന് എന്തു തടസ്സം?
?!
ഹിഹി!



# പഴഞ്ചൊല്ലിൽ പതിരില്ല!

പഴഞ്ചൊല്ലുകൾ ശ്രദ്ധിച്ചിട്ടുണ്ടോ നിങ്ങൾ? പറയാൻ രസം! കേൾക്കാനും രസം! അവയിൽ അടങ്ങിയ ആശയങ്ങളെക്കുറിച്ച് മനസ്സിലാക്കുമ്പോഴോ; അതിലേറെ രസം! നമുക്ക് പഴഞ്ചൊല്ലുകളെ കുറിച്ച് അല്പം ചർച്ച ചെയ്യാം. ഉപകാരപ്പെടും; തീർച്ച!

നൂറ്റാണ്ടുകൾ പഴക്കമുണ്ട് ഇന്നും പ്രചാരത്തിലുള്ള പല പഴഞ്ചൊല്ലുകൾക്കും. കൂട്ടുകാർ ചോദിച്ചേക്കാം; എന്നാൽ, ആരാണീ പഴഞ്ചൊല്ലുകൾ ഉണ്ടാക്കിയതെന്ന്. ആരും ഉണ്ടാക്കിയതല്ല; താനെ ഉണ്ടായിത്തീർന്നതാണ് പഴഞ്ചൊല്ലുകൾ. ആളുകൾ പറഞ്ഞുപറഞ്ഞു പഴക്കവും വഴക്കവും വന്ന വാക്കുകളാണ് പഴഞ്ചൊല്ലുകൾ.

അതിലടങ്ങിയ ആശയമാവട്ടെ, പഴയകാല സമൂഹങ്ങളുടെ അനുഭവങ്ങളാണ്. ഒരേ തരം അനുഭവം ആവർത്തിക്കുമ്പോൾ അതൊരു ചൊല്ലായി രൂപപ്പെടുന്നു. അങ്ങനെ ജനങ്ങൾക്കിടയിൽ പ്രചരിക്കുന്നു. പലരുടെയും അനുഭവങ്ങളായതുകൊണ്ടു തന്നെ അവർ പറയും; അത് സത്യമാണെന്ന്. ശരിയാണെന്ന്! അതുകൊണ്ടാണ് പഴഞ്ചൊല്ലിൽ പതിരില്ലെന്ന് പറയുന്നത്. പഴഞ്ചൊല്ലിൽ പതിരില്ലെന്നതും ഒരു പഴഞ്ചൊല്ലാണേ...!

അധിക പഴഞ്ചൊല്ലുകളുടെയും ആശയം അതിന്റെ നേരർത്ഥമല്ല; അതിൽ ഒളിഞ്ഞിരിക്കുന്ന മറ്റൊരാശയമാണ്. അതു മനസ്സിലാകണമെങ്കിൽ ഇത്തിരി ചിന്തിക്കണം. പണ്ടത്തെ ആളുകളുടെ അനുഭവത്തിൽ നിന്നുണ്ടായതായതുകൊണ്ട് അവരുടെ സാമൂഹിക സാഹചര്യങ്ങളെക്കുറിച്ചുള്ള സാമാന്യ അറിവും വേണം. അക്കാലത്തെ ജനങ്ങളുടെ ജീവിതം കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നല്ലോ. അതുകൊണ്ട്, പഴഞ്ചൊല്ലുകളിലെ കൂടുതൽ ആശയങ്ങളും പദങ്ങളും കൃഷിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്.

നമുക്കു ചില പഴഞ്ചൊല്ലുകൾ വിശകലനം ചെയ്യാം. പഠിച്ചുവെച്ചാൽ നിങ്ങൾക്കവ സംസാരത്തിലും പ്രസംഗങ്ങളിലും എഴുത്തിലുമൊക്കെ അവസരോചിതം പ്രയോഗിക്കാം. സുപരിചിതമായ ഒരു പഴഞ്ചൊല്ലിലൂടെ തുടങ്ങാം:



# വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

*വീട്ടിൽ ഉമ്മ നിങ്ങളെ ഒരു ജോലി ഏൽപ്പിച്ചുവെന്ന് കരുതുക. വൈകുന്നേരത്തിന്നുള്ളിൽ ചെയ്തു തീർക്കാനാണ് പറഞ്ഞത്. നിങ്ങൾക്കു വളരെ താല്പര്യമുള്ള കാര്യമായിരുന്നു ചെയ്യാനുണ്ടായിരുന്നത്. അതുകൊണ്ട് ഉച്ചയ്ക്കു മുമ്പേ അതു ചെയ്തുതീർത്തു. അപ്പോഴാണ് ഉമ്മ നിങ്ങളെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞത്; വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും! നിങ്ങൾക്ക് ചെയ്യാൻ സാധിക്കുകയില്ലെന്നു കരുതിയ ജോലി ചെയ്തുതീർത്താലും ഇങ്ങനെ പറയാം.*

*ചക്ക സാധാരണ പ്ലാവിന്റെ തടിയിലാണല്ലോ കായ്ക്കുന്നത്. ചിലപ്പോൾ വേരിലും കായ്ച്ചെന്നിരിക്കും. അസാധ്യമെന്നു തോന്നുന്നത് ചില സന്ദർഭങ്ങളിൽ സാധ്യമായിത്തീരും, താല്പര്യമുണ്ടെങ്കിൽ എന്തും നേടിയെടുക്കാം എന്നിങ്ങനെ പല ആശയങ്ങളുണ്ട് ഈ പഴഞ്ചൊല്ലിന്.*

# സിംഹത്തോൽ അണിഞ്ഞ കഴുത




ഹിഹി! എല്ലാവരും ഓടുന്നത് കാണാൻ നല്ല രസം.
അപ്പോഴാണ് ഒരു കുറുക്കൻ കഴുതയുടെ മുന്നിലെത്തിയത്.
ഗ്ർ... ഓടെടാ!
ഹിഹി എന്തിന്?
നിനക്ക് സിംഹത്തെ പേടിയില്ലേ?
സിംഹത്തെ പേടിയുണ്ട്. പക്ഷേ, കഴുതയെപ്പോലെ ശബ്ദിക്കുന്ന സിംഹത്തെ പേടിയില്ല.
ഹിഹി! മണ്ടച്ചാരേ... സിംഹരാജൻ മുന്നിൽ പെടുന്നതിനു മുമ്പ് വേഗം രക്ഷപ്പെടാൻ നോക്ക്.
കഷ്ടം! നാണക്കേടായല്ലോ.

ചന്തിരൂർ താഹ

# കുടിലും കൊട്ടാരവും

മലയപുരത്തെ രാജാവ് മകനെ ഗുരുവിന്റെ ആശ്രമത്തിൽ വിദ്യനേടാൻ പറഞ്ഞയച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ മകനെ കാണാൻ രാജാവ് ആശ്രമത്തിലെത്തി. മകന്റെ പഠനകാര്യത്തിൽ അദ്ദേഹത്തിന് വേണ്ടത്ര തൃപ്തിയായില്ല.

രാജാവ് ഗുരുവിനോട് പറഞ്ഞു: 'ഗുരുശ്രേഷ്ഠരേ, എന്റെ മകനെ എത്രയും പെട്ടെന്ന് സകലവിദ്യകളും അഭ്യസിപ്പിക്കണം. അടുത്ത വർഷം തന്നെ അവന്റെ പഠനമെല്ലാം പൂർണമാക്കണം. അവനെ ഉടൻ തന്നെ ഇളയ രാജാവായി പ്രഖ്യാപിക്കാൻ ഞാൻ തീരുമാനിച്ചിട്ടുണ്ട്.'

അപ്പോൾ, പുതിയ പള്ളിക്കൂടം പണിയാനായി ആശ്രമത്തിന്റെ തൊട്ടപ്പുറത്ത് കൊണ്ടുവന്നു കൂട്ടിയിട്ട കല്ലുകളും മണലും ചൂണ്ടിക്കാണിച്ചുകൊണ്ട് ഗുരു പറഞ്ഞു: 'മഹാരാജാവേ, ഇവയെല്ലാം



ഉപയോഗിച്ച് നല്ലൊരു കൊട്ടാരം പണിതെടുക്കാൻ എത്രദിവസം വേണ്ടിവരും?'

'ഹോ, അതിന് കുറെ മാസങ്ങളെടുക്കുമല്ലോ... ചിലപ്പോൾ വർഷങ്ങളെടുത്തെന്നും വരും.' രാജാവ് മറുപടി നൽകി.

'ഈ വസ്തുക്കളെല്ലാം ഉപയോഗിച്ച് ഒരു കുടിൽ കെട്ടാനോ?' ഗുരു ചോദിച്ചു.

'അതിന് ഒന്നുരണ്ടു ദിവസങ്ങൾ മതിയല്ലോ.' രാജാവ് പ്രതികരിച്ചു.




## മണ്ടേല ദിനം

വർണ്ണവിവേചനത്തിനെതിരെ പോരാടിയ ദക്ഷിണാഫ്രിക്കയുടെ മുൻപ്രസിഡന്റും ലോകസമാധാനത്തിന്റെ പ്രതീകവുമായ നെൽസൺ മണ്ടേലയുടെ ജന്മദിനമായ ജൂലൈ 18 അന്താരാഷ്ട്ര നെൽസൺ മണ്ടേല ദിനമായി ആചരിക്കുന്നു. ഐക്യരാഷ്ട്രസഭ 2009 ലാണ് ഈ ദിവസം മണ്ടേലദിനമായി പ്രഖ്യാപിച്ചത്.

'അങ്ങുന്നേ, മാസങ്ങളെടുത്ത് നിർമ്മിക്കുന്ന കൊട്ടാരത്തിന്റെ ഭംഗിയും പ്രൗഢിയും ആ കുടിലിനുണ്ടാകുമോ?'

'ഹേയ്, ഒരിക്കലുമില്ല ഗുരോ.'

'ഇനി പറയൂ മഹാരാജൻ, അങ്ങയുടെ മകന് കൊട്ടാരം വേണോ കുടിലുവേണോ?'

ഗുരുവിന്റെ വാക്കുകൾ കേട്ടപ്പോൾ മകന്റെ പഠനകാര്യത്തിൽ ധൃതി പിടിക്കുന്നത് ശരിയല്ലെന്ന് രാജാവിനു മനസ്സിലായി. മകനെ സാവകാശം പഠിപ്പിച്ചു മിടുക്കനാക്കാൻ അപേക്ഷിച്ചുകൊണ്ട് അദ്ദേഹം ഗുരുവിന് നിരവധി സമ്മാനങ്ങൾ നൽകി കൊട്ടാരത്തിലേക്ക് മടങ്ങി.

അൻവർ കാരേപറമ്പ്

ബീവി ഖദീജ(റ) ചരിത്രം - 10

# മക്കയിലെ പ്രകാശ താരകം



അല്ലാഹുവിന്റെ ദൂതരായി നിയോഗിക്കപ്പെട്ടതോടെ അൽഅമീന്റെ ജീവിതം പ്രയാസങ്ങൾ നിറഞ്ഞതായി. പരീക്ഷണങ്ങൾ തിരമാലകൾ പോലെ വന്നു. പീഡനങ്ങൾ,

## ത്യാഗത്തിന്റെ വെള്ളിനൂൽ

പരിഹാസങ്ങൾ, കൂക്കിവിളികൾ, കല്ലേറുകൾ... പലപ്പോഴും സഹിച്ചു. വീട്ടിലെത്തി ഖദീജബീവി(റ)യുടെ പുഞ്ചിരി കാണുമ്പോൾ, തലോടലേൽക്കുമ്പോൾ എല്ലാ പ്രയാസങ്ങളും വിഷമങ്ങളുമകലും.

ഖുറൈശികളുടെ എതിർപ്പ് ബഹിഷ്കരണത്തിലേക്കു കടന്നു. ബനൂഹാശിം, ബനൂമുത്വലിബ് കുടുംബങ്ങളെ മുഴുവൻ മക്കക്കാർ ബഹിഷ്കരിച്ചു. പോക്കുവരവുകളില്ല, സംസാരങ്ങളില്ല, ഭക്ഷണം നൽകില്ല. പുറത്തിറങ്ങാൻ പോലും അനുവദിച്ചില്ല. അൽഅമീനും കുടുംബവും മലഞ്ചെരുവിലെ ശിഅ്ബ് അബൂത്വാലിബിൽ അഭയം തേടി രഹസ്യമായിക്കഴിഞ്ഞ നാളുകളായിരുന്നു അത്. സമ്പന്നയായി ജീവിച്ച ഖദീജ(റ) യുടെ മനസ്സ് പക്ഷേ ദൃഢമായിരുന്നു. പച്ചിലകൾ തിന്ന് വിശപ്പടക്കിയപ്പോഴും മഹതി ഒരു പരിഭവവും പറഞ്ഞില്ല. 'താൻ അന്ത്യപ്രവാചകരുടെ പത്നിയാണ്, പ്രവാചകപത്നി



മാർ ഇതിൽ കൂടുതൽ സഹി ച്ചവരാണ്.' മഹതി ആത്മഗതം ചെയ്തു.

മൂന്ന് വർഷമാണ് ആ പട്ടിണിക്കാലം നീണ്ടുപോയത്. എത്ര ക്രൂരമായാണ് നാട്ടുകാർ അല്ലാഹുവിന്റെ റസൂലിനോട് പെരുമാറിയത്! വറഖയുടെ വാക്കുകൾ ഖദീജ ഓർത്തു: 'സ്വന്തം നാട്ടുകാർ അങ്ങയുടെ ശത്രുക്കളാകുന്ന ദിനം വരും.' വറഖയുടെ വാക്കുകൾ പുലർന്നു കണ്ട നാളുകൾ!

ബഹിഷ്കരണം അവസാനിച്ച് ബനൂമുത്വലിബും ബനൂഹാശിമും വീടുകളിൽ തിരിച്ചെത്തിയപ്പോഴേക്കും ഖദീജ(റ)യുടെ ആരോഗ്യമെല്ലാം നഷ്ടപ്പെട്ടിരുന്നു. ശരീരം നന്നായി ക്ഷീണിച്ചു. വൈകാതെ കിടപ്പിലായി. ഖദീജ(റ)യെ പരിചരിച്ചുകൊണ്ട് പ്രാർത്ഥനയോടെ മുത്തുനബി(സ) ചാരെത്തന്നെയുണ്ടായിരുന്നു. ഇരുപത്തിയഞ്ച് വർഷക്കാലം മുത്തുനബി(സ)ക്ക് താങ്ങും തണലുമായിരുന്നല്ലോ ഖദീജ. സമ്പത്തും ആരോഗ്യവും മുഴുവൻ ദീനിന്റെ വഴിയിൽ ചെലവഴിച്ച ഖദീജ!

പ്രിയ മകൾ ഫാത്വിമയെ അരികിൽ വിളിച്ച് ഖദീജ ഉറച്ച ശബ്ദത്തിൽ രഹസ്യമായി പറഞ്ഞു: 'മോളേ, ഞാൻ കിടപ്പിലായി. അധികനാൾ ജീവിക്കുമെന്ന് തോന്നുന്നില്ല. ഉപ്പയുമൊത്തുള്ള കാൽനൂറ്റാണ്ടു കാലത്തെ ജീവിതത്തിൽ, അവരെ പരിപാലിക്കാനും ആശ്വസിപ്പിക്കാനും സദാസമയവും ഞാൻ ശ്രദ്ധിച്ചിരുന്നു. ഇനിയെനിക്കതിന് കഴിയില്ല. പകരം ആ ഉത്തരവാദിത്തം ഞാൻ നിന്നെയേൽപ്പിക്കുകയാണ്. ലോകനേതാവായ അന്ത്യദൂതരെയാണ് നീ പരിചരിക്കുന്നതെന്ന ഓർമ വേണം. തിരുനബി(സ)ക്കൊരു പ്രയാസമുണ്ടായാൽ അത് ലോകത്തെ എല്ലാ ജനങ്ങളെയും വേദനിപ്പിക്കുമെന്ന് മനസ്സിലു



## ബോഡി പ്രിന്റ്സ്

മനുഷ്യരുടെ വിരലടയാളം പോലെ യാണ് കടുവകളുടെ ശരീരത്തിലെ വരകൾ. ലോകത്തിലെ ഓരോ കടുവയുടെയും ശരീരത്തിലെ വരകൾ വ്യത്യസ്തമാണ്. ജൂലൈ 29 – അന്താരാഷ്ട്ര കടുവദിനം

ണ്ടാവണം. ഉപ്പയെ പരിചരിച്ചതിന്റെ പ്രതിഫലം നിന്റെ സന്താനപരമ്പരയിലുടനീളം അനുഗ്രഹമായി വർഷിക്കും. മോളേ, ഒരിക്കലും ഉപ്പയെ പ്രയാസപ്പെടുത്തരുത്.'

ഫാത്വിമ(റ)യുടെ കണ്ണുകൾ നിറഞ്ഞു. ചാരത്തിരുന്ന മുത്തുനബി(സ)യുടെ കണ്ണുകളും സജലമായി.

മുത്തുനബി(സ)യുടെ തൃക്കരങ്ങൾ പിടിച്ച് ഖദീജ(റ) വിതുമ്പി: 'നബിയേ, അങ്ങേക്കല്ലാഹു നല്ല ഭാര്യമാരെയും നല്ല മക്കളെയും സമ്മാനിക്കട്ടെ. എന്നിൽ നിന്ന് വല്ല അവിവേകവും വന്നുപോയെങ്കിൽ പൊറുക്കണം നബിയേ. ഇല്ലെങ്കിൽ ഞാൻ പരാജയപ്പെട്ടുപോകും.' ഖദീജ(റ) ഹൃദയം പൊട്ടി വിതുമ്പിപ്പോയി.

'ഇല്ല ഖദീജാ, ഒരു വാക്കുകൊണ്ടുപോലും നീ എന്നെ നോവിച്ചിട്ടില്ല. എന്റെ നോവുകൾക്കെല്ലാമുള്ള മറുമരുന്നായിരുന്നല്ലോ നിന്റെ വാക്കുകൾ. ഉറ്റവർ പോലും എന്നെ എതിർത്തപ്പോൾ നീ എന്റെ കൂടെ ചേർന്നുനിന്നല്ലോ. രാജകുമാരിയായി പറുദീസയിൽ ജീവിക്കേണ്ടിയിരുന്ന നീ, എല്ലാം എനിക്കും സത്യദീനിനും സമർപ്പിച്ചല്ലോ! നിനക്ക് എന്നോടുള്ള സ്നേഹവും കരുതലും എനിക്ക് നന്നായിയറിയാമല്ലോ. ഖദീജാ, നാളെ സ്വർഗത്തിലും നീയെന്റെ കൂടെയുണ്ടാവും. സന്തോഷിച്ചോളൂ.'

ഖദീജ പുഞ്ചിരിച്ചു. തിരുമുഖത്തേക്കു നോക്കിയുള്ള അവസാനത്തെ പുഞ്ചിരി!

അറുപത്തിയഞ്ച് വയസ്സുവരെ ജീവിച്ച ബീവിഖദീജ(റ) അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ! മുത്തുനബി(സ) അവർക്കുവേണ്ടി നിസ്കരിച്ചു. മക്കയിലെ ജന്നതുൽ മുഅല്ലായിൽ മറവു ചെയ്തു.

*(അവസാനിച്ചു.)*

വായനാമുറി

# ഉറുമ്പുകളുടെ കഥ

സാധാരണ നാം ശ്രദ്ധിക്കാതെ പോകുന്ന ഉറുമ്പുകളെക്കുറിച്ചുള്ള കൗതുകവിജ്ഞാനങ്ങളാണ് ഫഹദ് സലീം എഴുതിയ 'ഇത് ഉറുമ്പുകളുടെ കഥ' എന്ന പുസ്തകത്തിലുള്ളത്. കാഴ്ചയിൽ ചെറിയ ജീവിയാണെങ്കിലും ഉറുമ്പുകളുടെ അപാരമായ ശക്തി ഓരോ അധ്യായത്തിലും വായിക്കാനാകും. ടെക്സാസിൽ ഹോട്ടലിൽ മുറിയെടുത്ത് താമസിച്ചിരുന്ന ഒരാൾ ഉറുമ്പുകടിയേറ്റു മരിച്ചത്രെ! ലോകത്തിലെ ഏറ്റവും വലിയ ഉറുമ്പിനമായ ബ്രസീലിയൻ ഉറുമ്പുകളാണ് ഈ മനുഷ്യനെ കടിച്ചതെന്ന് കരുതപ്പെടുന്നു. ഉറുമ്പുകൾ നിസ്സാരക്കാരല്ലെന്നു ചുരുക്കം. ഇങ്ങനെ, നമ്മെ അത്ഭുതപ്പെടുത്തുന്ന നിരവധി കാര്യങ്ങൾ ഈ പുസ്തകത്തിലുണ്ട്. ഖുർആനിൽ ഉറുമ്പുകളെക്കുറിച്ചുള്ള ഒരധ്യായം തന്നെയുണ്ടല്ലോ. അവയെക്കുറിച്ചുള്ള മതവിധികളും നിരവധിയുണ്ട്.




ശല്യക്കാരായ ഉറുമ്പുകളെ അകറ്റാനുള്ള വഴികളും ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ഉറുമ്പുകളെക്കുറിച്ച് അറിയാൻ താത്പര്യമുള്ളവർക്ക് ഉപകാരപ്രദമായ നല്ലൊരു പുസ്തകമാണിത്. വ്യത്യസ്ത ഉറുമ്പുകളുടെ ചിത്രങ്ങൾ കൂടിയുള്ളതിനാൽ വായന ഒരിക്കലും മുഷിപ്പിക്കില്ല. ഉറവ പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് 210 രൂപയാണ് വില.

*ആഇശ നസീഹ,*
*മർകസുൽ അബ്റാർ,*
*മണ്ണാർക്കാട്*

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിൽ അംഗമായ ഇരുപത്തിയാറാം രാജ്യം?

2. 2026 ലെ വനിത ക്രിക്കറ്റ് ലോകക്കപ്പിന് ആതിഥ്യം വഹിക്കുന്ന രാജ്യങ്ങൾ?

3. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആസ്ഥാനം എവിടെയാണ് സ്ഥിതിചെയ്യുന്നത്?

4. 2026 ഫുട്ബോൾ ലോകകപ്പിലെ പന്തിന്റെ പേര്?

5. കേരളത്തിന്റെ പുതിയ ആരോഗ്യമന്ത്രി?

6. 2026 ഫുട്ബോൾ ലോകകപ്പിൽ പങ്കെടുക്കുന്ന രാജ്യങ്ങളുടെ എണ്ണം?

7. ഐപിഎൽ ക്രിക്കറ്റിൽ ഒരു സീസണിൽ ഏറ്റവും കൂടുതൽ സിക്സർ നേടി റെക്കോർഡിട്ട കൗമാരതാരം?

8. 2026 ലെ ഐ. പിഎൽ ജേതാക്കൾ?

9. ഇന്ത്യയുടെ ബ്രെഡ് ബാസ്ക്കറ്റ് എന്നറിയപ്പെടുന്ന സംസ്ഥാനം?

10. ഇന്ത്യൻ ചിത്രകലയുടെ പിതാവ്?

11. 2026 ലെ ആഗോള ഭീകരവാദ സൂചികയിൽ ഒന്നാമതെത്തിയ രാജ്യം?

12. ഒപെക് എന്നതിന്റെ പൂർണ്ണരൂപം?

13. ഈ വർഷത്തെ ഒഎൻവി സാഹിത്യപുരസ്കാരം നേടിയതാര്?

14. ഈയിടെ അന്തരിച്ച ഇന്ത്യൻ ഫോട്ടോജേണലിസത്തിന്റെ കുലപതി?





1. കെ മുരളീധരൻ, 2. വൈഭവ് സൂര്യവംശി, 3. അപ്പു ജോൺ ജോസഫ്, 4. എം മുകുന്ദൻ, സലിം കുമാർ

15. ഇത്തവണ സ്പാനിഷ് ലാ ലിഗ ഫുട്ബോൾ കിരീടം നേടിയതാര്?

16. ആധുനിക റോക്കറ്റ് വിദ്യയുടെ പിതാവ്?

17. ഇന്ത്യൻ നാവികസേനയുടെ പുതിയ മേധാവി?

18. റിപ്പോർട്ട്സ് വിത്തൗട്ട് ബോർഡേഴ്സ് പുറത്തുവിട്ട ലോകമാധ്യമ സ്വാതന്ത്ര്യസൂചികയിൽ ഇന്ത്യയുടെ സ്ഥാനം?



19. പതിനാറാം കേരള നിയമസഭയിലെ ചീഫ് വിപ്പ്?

20. ഈയിടെ അന്തരിച്ച പ്രശസ്ത മലയാള നടൻ?

21. ലഹരിക്കെതിരെ കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതി?

22. ദസ്തയേവ്സ്കിയെ നായകനാക്കി പെരുമ്പടവം എഴുതിയ പ്രസിദ്ധ മലയാള നോവൽ?

23. ആരുമായാണ് മാർത്താണ്ഡവർമ്മ 1741 ൽ കുളച്ചൽയുദ്ധത്തിലേർപ്പെട്ടത്?

24. സ്ലിം മിഷൻ ഏതു രാജ്യത്തിന്റെ ചന്ദ്രദൗത്യമാണ്?

25. ഇന്ത്യയിലെ ചുവന്ന നദി എന്നറിയപ്പെടുന്നത്?

**ഉത്തരങ്ങൾ**

1.സൗദി അറേബ്യ, 2.ഇംഗ്ലണ്ട്, വെയിൽസ്, 3.തിരുവനന്തപുരം, 4.ട്രയോണ്ട, 5.കെ മുരളീധരൻ, 6. 48, 7.വൈഭവ് സൂര്യവംശി, 8.റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, 9.പഞ്ചാബ്, 10.രാജാരവിവർമ്മ, 11.പാക്കിസ്ഥാൻ, 12.ഓർഗനൈസേഷൻ ഓഫ് പെട്രോളിയം എക്സ്പോർട്ടിംഗ് കൺട്രീസ്, 13.എം മുകുന്ദൻ, 14.രഘുറായ്, 15.ബാഴ്സലോണ, 16.റോബർട്ട് എച്ച് ഗൊദാർഡ്, 17.കൃഷ്ണ സ്വാമിനാഥൻ, 18.157, 19.അപ്പു ജോൺ ജോസഫ്, 20.സലിം കുമാർ, 21.ഓപ്പറേഷൻ തൂഫാൻ, 22.ഒരു സങ്കീർത്തനം പോലെ, 23.ഡച്ചുകാർ, 24.ജപ്പാൻ, 25.ബ്രഹ്മപുത്ര



മിസ്റ്റർ മണ്ടപ്പൻ
അപ്പന്മാർ ചായക്കടയിൽ,
കാലവർഷം കനത്തു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും റെഡ്അലർട്ട് പ്രഖ്യാപിച്ചു.
ഓഹോ!
ഞെട്ടാനൊന്നുമില്ല അണ്ണേ, മഴക്കാലത്ത് പിന്നെ മഴ പെയ്യില്ലേ?
അതല്ല മച്ചൂ, പുഴയിൽ നിന്ന് മീൻ കയറുന്ന സമയമാണ്.
ചൂണ്ടയും വലയും റെഡിയാക്കാനായിരിക്കും അല്ലേ.
യെസ്! അതുതന്നെ!
എന്നാൽ, ഇപ്പോൾതന്നെ ടൗണിലേക്കു വിടാം.
കമോൺ, വേഗമാകട്ടെ!



ഹഹ! ആണ്ടുതോറും ഉള്ള വരവാണല്ലോ. വലയും ചൂണ്ടയും വാങ്ങാനാകും അല്ലേ?
മഴക്കാലം വരുമ്പോൾ അത് ഞങ്ങളുടെ ഒരു വീക്ക്നെസ്സ് ആണല്ലോ!
അപ്പന്മാർ ബൈക്കിൽ:
മഴ തുടങ്ങിയല്ലോ.
പെയ്യട്ടെ മഴ പെയ്യട്ടെ, തോടുകളെല്ലാം നിറയട്ടെ!
വൈകാതെ,
ദേ, മാക്രിക്കുളം നിറഞ്ഞു കവിഞ്ഞു.
കൂമൻതോട്ടിലാകാം ആദ്യ വേട്ട
ഒ. കെ, അണ്ണേ.
അപ്പന്മാർ കൂമൻതോട്ടിൽ മീൻപിടുത്തത്തിൽ.
ഞാൻ ചൂണ്ടയിടാം.
വലയെറിയൽ ഞാനേറ്റു



സമയമേറെ കഴിഞ്ഞിട്ടും,
ഒരു പരൽമീൻ പോലും കൊത്തുന്നില്ലല്ലോ മച്ചൂ.
വലയിൽ ആണെങ്കിൽ ഒരു തേങ്ങ പോലും കുരുങ്ങുന്നില്ല.
മച്ചൂ, എവിടെയോ തേങ്ങമഴ പെയ്തെന്നു തോന്നുന്നു.
ചിരട്ടക്കു പോലും പൊള്ളുന്ന വിലയുള്ള കാലത്ത് ആരാണിതൊക്കെ ഒഴുക്കിവിടുന്നത്?
തേങ്ങയെങ്കിൽ തേങ്ങ. വലയിലായത് പിടിക്കുക തന്നെ!
പെട്ടെന്ന്,
ടർണിം.. ടർണിം..
ഹലോ! ഒന്നും കേൾക്കുന്നില്ല സാർ. മഴയാണ്, പെരുമഴ.
ഈ പരിപാടിയും ഏമാന്മാർ കുളമാക്കുമല്ലോ.


അണ്ണേ, ആ ഫോണങ്ങ് തോട്ടിലെറിഞ്ഞേക്ക്!
പെട്ടെന്ന്,
അണ്ണേ, വലയിൽ കാര്യമായെന്തോ തടഞ്ഞിട്ടുണ്ട്.
നോക്കിനിൽക്കാതെ വലിച്ചു കയറ്റ് മച്ചൂ...
അപ്പന്മാർ ചേർന്ന് വല കരയ്ക്കടുപ്പിക്കുന്നു.
മലയും പോരും ഐലസാ!
ഒത്തുപിടിച്ചാൽ ഐലസാ!
വലയിൽ ഒരാൾ!
ഹിയ്യോ! രക്ഷിക്കണേ!
ങ്ഹേ, എവിടെയോ കണ്ട പരിചയമുണ്ടല്ലോ.
ഒരു മോഷണവിദഗ്ധന്റെ ലക്ഷണമുണ്ട്.
ഹൂ! ഞാനിപ്പോൾ ചാകുമേ...


അണ്ണേ, തോട്ടിലെ വെള്ളം കുടിച്ചു വറ്റിക്കാൻ ശ്രമിച്ചതാണെന്ന് തോന്നുന്നു.
ഏമാന്മാർക്ക് ഒന്നു വിളിച്ചു നോക്കാം.
താങ്കൾ വിളിച്ച നമ്പർ പരിധിക്കു പുറത്താണ്...
അല്ലെങ്കിലും ഒരാവശ്യത്തിനു വിളിച്ചാൽ എല്ലാവരും പരിധിക്കു പുറത്താവും.
ഹിയ്യോ, മേലാകെ വേദനിക്കുന്നേ...
തത്സമയം ഏമാന്മാർ അതുവഴി,
ദേ, അപ്പന്മാർ വലയെറിയുന്നു.
ഫോൺ വിളിച്ചിട്ട് കിട്ടാത്തത് വെറുതെയല്ല!



അപ്പന്മാരേ, എന്താ പരിപാടി?
തേടിയ വള്ളി കാലിൽ ചുറ്റിയല്ലോ, ചെറിയൊരു മീൻ പിടുത്തം.
പെട്ടല്ലോ, പോലീസ്!
ഹാരിത്, കേരവീരൻ കോരനോ?
ഇതുവരെയായി ഈ മീൻ മാത്രമേ കിട്ടിയുള്ളൂ.
ഹിഹി! ഇത് ചെറിയമീനല്ല കേട്ടോ, നെറ്റ്‌വർക്കില്ലെങ്കിലും പിടികിട്ടാപ്പുള്ളിയെ നെറ്റെറിഞ്ഞു പിടിച്ചല്ലോ.
ഈ തോട്ടിലെ മീൻപിടുത്തം നിർത്തി ഇതുകൊണ്ട് മാർക്കറ്റിൽ പോയി നല്ല മീൻ വാങ്ങിക്കഴിക്കൂ അപ്പന്മാരേ.
തോണി വീണു  പോയതാണേ! ഇത്തവണ ക്ഷമിക്കണേ!
വേഗം വണ്ടിയിൽ കയറ്. ബാക്കി ജയിലിൽ നിന്ന് ക്ഷമിക്കാം.

# അബൂട്ടി

നോവൽ – 31

മുജ്തബ നസ്വീഹ്

# തിരിച്ചറിവിന്റെ നിമിഷങ്ങൾ

**രാ**വിലെ പ്രൊഫസറോടൊപ്പം പരിശോധനയ്ക്കു ചെന്നപ്പോൾ മാമൻ നല്ല ഉറക്കത്തിലാണ്. സിസ്റ്റർ തട്ടിയുണർത്തിയപ്പോൾ കണ്ണു തുറന്നു. അമ്പരന്ന കണ്ണുകൾ ബെഡിനു ചുറ്റും നിൽക്കുന്ന മുഖങ്ങളിലൂടെ ഉഴറി നടന്നു. പിന്നെ ചെന്നു നിന്നത് അബൂട്ടിയുടെ മുഖത്താണ്. അവിടെ തറയ്ക്കപ്പെട്ട പോലെ കണ്ണുകൾ നിശ്ചലമായി.

പ്രൊഫസർ ടെസ്റ്റുകളുടെ റിസൾട്ടുകൾ നോക്കി പറഞ്ഞു: 'കുഴപ്പമൊന്നുമില്ല, വാർഡിലേക്ക് മാറ്റാം.' മാമന്റെ മുഖത്ത് അപ്പോഴും ഭാവമാറ്റങ്ങളൊന്നുമില്ല. അബൂട്ടിയുടെ മുഖത്തേക്കു തന്നെയാണ് നോട്ടം. അവന് വല്ലാത്ത അസ്വസ്ഥത തോന്നി. മാമൻ എന്നെ ഇപ്പോഴും നോക്കി കണ്ണുരുട്ടി പേടിപ്പിക്കുകയാണോ? അതോ കഴിഞ്ഞ സംഭവങ്ങൾ ഓരോന്നായി ഓർത്ത് വിഷമത്തോടെ നോക്കുകയാണോ?

ആ നോട്ടത്തെ നേരിടാനാവാതെ അവൻ മുഖം തിരിച്ചു. പ്രൊഫസറോടൊപ്പം പുറത്തേക്കു നടക്കാനൊരുങ്ങിയപ്പോൾ ആ ചുണ്ടുകൾ അനങ്ങുന്നത് അബൂട്ടി കണ്ടു. നേരിയ ശബ്ദത്തിൽ 'മോനേ... മോനേ...' എന്ന് കേൾക്കുന്നുണ്ട്. മാമൻ എന്നെ തിരിച്ചറിഞ്ഞിട്ടുണ്ടാവും.

ഏതായാലും ഇപ്പോൾ ഒന്നും സംസാരിക്കേണ്ട, പിന്നീടാവാം. അവൻ ആ വിളി കേട്ടില്ലെന്ന മട്ടിൽ പുറത്തേക്കു നടന്നു.

പ്രൊഫസറുടെ കൂടെ യെത്താൻ തിരക്കിട്ട് നടക്കു മ്പോൾ മാമി ഓടി വന്നു ചോദിച്ചു: ‘മോനേ, എങ്ങനെ യുണ്ട് മാമന്?’

‘കുഴപ്പമൊന്നുമില്ല. കു റച്ചു കഴിഞ്ഞാൽ വാർഡി ലേക്ക് മാറ്റും.’ അങ്ങനെ പറഞ്ഞു മുന്നോട്ടു നടക്കു മ്പോൾ മാമിയുടെ പിറകിൽ നിന്ന് ഒരു മുരളൽ കേട്ടു: ‘ഡോക്ടറായപ്പോൾ അവന്റെയൊരു ഗമ കണ്ടില്ലേ?’

മാമന്റെ രണ്ടാമത്തെ മോ നാണ്. അന്ന് പരീക്ഷാഹാളിൽ നിന്ന് പുറത്തി റങ്ങിയപ്പോൾ കളിയാക്കി യവൻ. അവന്റെ മനസ്സ് ഇപ്പോഴും മാറിയിട്ടില്ലെന്നു വ്യക്തം. ചിലർ അങ്ങനെയാണ്. ഉള്ളിൽ അഹങ്കാ രവും ദുരയുമാ യി നടക്കുന്നവർ. മറ്റുള്ളവരുടെ ഉയർച്ചയിൽ അസൂയയോ വെറുപ്പോ വെച്ചു പുലർത്തുന്നവർ. കണ്ടാലും കൊണ്ടാലും പഠിക്കാത്ത വർ. അബൂട്ടി ആ വാക്കുകൾ കേട്ടില്ലെന്ന മട്ടിൽ വേഗം നടന്നു. അതിനിടെ മാമി അവനെ ശാസിക്കുന്നതും അവനോട് ദേഷ്യപ്പെടുന്ന തും കേട്ടു.

റൗണ്ട്സ് കഴിഞ്ഞ് ഒഴി



വു കിട്ടിയപ്പോൾ അബൂട്ടി വാർഡിലെത്തി. മാമന്റെ ബെഡിനടുത്തുതന്നെയുണ്ട് മാമിയും മക്കളും. അബൂട്ടിയെ കണ്ടതോടെ അവർ വർത്തമാനം നിർത്തി ഭവ്യതയോടെ മാറിനിന്നു. അബൂട്ടി അവർക്കു നേരെ നോക്കി പുഞ്ചിരിച്ചുകൊണ്ട് സലാം പറഞ്ഞു. അവർ സലാം മടക്കിയോ ആവോ. ശബ്ദമൊന്നും പുറത്തേക്ക് വന്നില്ല.

അബൂട്ടി മാമന്റെ കൈ പിടിച്ചു. ആ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. 'മാമാ, സുഖം തോന്നുന്നില്ലേ?' അവൻ ആ മുഖത്തേക്കു നോക്കി പുഞ്ചിരിയോടെ ചോദിച്ചു. മാമന്റെ ചുണ്ടുകൾ വിതുമ്പുന്നതും കണ്ണീർത്തുള്ളികൾ ഒഴുകിയിറങ്ങുന്നതും അവൻ കണ്ടു.

കരച്ചിലിന്റെ സ്വരത്തിൽ മാമൻ എന്തൊക്കെയോ പറയുന്നു: 'മോനേ, മാപ്പ്... മാപ്പ് തരണം! ഞാൻ നിന്നെ നശിപ്പിക്കാൻ നോക്കി. എന്നിട്ടും നീ വലിയ ആളായി. ഞാൻ വലുതാക്കാൻ നോക്കിയവരതാ ഇപ്പോഴും ഒന്നുമല്ലാതെ കഴിയുന്നു; മോനേ, മാപ്പാക്കണം.' മാമനോട് എന്തു പറയണമെന്നറിയാതെ അബൂട്ടിയുടെ കണ്ണുകളും നിറഞ്ഞു. അവൻ മാമന്റെ കൈകളിലും തോളിലും ഉഴിഞ്ഞുകൊടുത്തുകൊണ്ട് സമാധാനിപ്പിച്ചു: 'മാമാ, കഴിഞ്ഞതൊന്നും ഓർത്ത് വിഷമിക്കരുത്. എല്ലാം പടച്ചോന്റെ വിധിയനുസരിച്ചാണല്ലോ നടക്കുക. അവന്റെ വിധിയിൽ യാതൊരു മാറ്റവുമുണ്ടാവില്ലല്ലോ.'

മാമിയും അപ്പോൾ കരയുകയാണ്, മക്കൾ തലകുനിച്ചിരിക്കുകയും. അതുകണ്ട് അബൂട്ടി പറഞ്ഞു: 'ഞാനിപ്പോ വന്നത് എല്ലാർക്കും വിഷമമായോ? ഞാൻ വരുമ്പോൾ എല്ലാവരും ചിരിച്ചു വർത്തമാനം പറയുകയായിരുന്നല്ലോ.'

മാമിയാണതിനു മറുപടി പറഞ്ഞത്: 'മോനേ, നീ വന്നതുകൊണ്ടല്ല, ഞങ്ങൾ നിന്നോട് കാണിച്ച തെറ്റുകൾ ഓർത്താണ് കരയണത്. ഞങ്ങളിപ്പോൾ ഒരു പാഠം പഠിച്ചല്ലോ... ഇത് പഠിപ്പിക്കാനായിരിക്കും മാമന് ഇങ്ങനെയൊരു അസുഖം അല്ലാഹു കൊടുത്തത്. മോനേ, ഞങ്ങൾക്കെല്ലാം മോനും മോന്റെ ഉമ്മയും മാപ്പ് തര

ണം.'

'എനിക്കും ഉമ്മയ്ക്കും ആരോടും വിരോധമില്ല മാമീ. മാമൻ ഇവിടെ അഡ്മിറ്റാണെന്നു പറഞ്ഞപ്പോൾ ഉമ്മ വിളിച്ചുപറഞ്ഞത് എന്താണെന്നോ, മാമനെ നല്ലോണം നോക്കണമെന്നും കഴിയുന്ന എല്ലാ സഹായവും ചെയ്തുകൊടുക്കണമെന്നും!' അബൂട്ടിയുടെ വാക്കുകൾ കേട്ട് മാമന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞൊഴുകി. ആ ചുണ്ടുകളപ്പോൾ മന്ത്രിച്ചുകൊണ്ടിരുന്നു: 'അസ്തഗ്ഫിറുല്ലാഹ്! ഉടപ്പിറപ്പിനോട് തെറ്റു ചെയ്ത ഈ പാപിക്കു നീ പുറത്തു തരണേ നാഥാ!'

ആ മുഖത്തേക്കു നോക്കി അബൂട്ടിയുടെ മനം മന്ത്രിച്ചു: 'പശ്ചാത്താപത്തിന്റെ കണ്ണീർ!' *(തുടരും)*





# ഇത്തിരി ചക്ക വിശേഷങ്ങൾ

ജൂലൈ 4
സംസ്ഥാന ചക്കദിനം

### വലിയ ഫലം

പഴങ്ങളിൽ വലിപ്പത്തിൽ ഒന്നാമനാണ് ചക്ക. ഒരു ചക്കയ്ക്ക് സാധാരണ 3 മുതൽ 30 കിലോഗ്രാം വരെ തൂക്കമുണ്ടാകാറുണ്ട്.

### സംസ്ഥാന ഫലം

2018 മാർച്ചിലാണ് ചക്കയെ കേരളത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചത്. പോഷകഗുണവും നാട്ടിൻപുറങ്ങളിൽ ധാരാളമായ ലഭ്യതയും കണക്കിലെടുത്താണിത്.

### വിഭവവൈവിധ്യം

ചക്കക്കൊണ്ടുണ്ടാക്കാൻ കഴിയുന്ന വിഭവങ്ങൾ നിരവധിയാണ്. പച്ചച്ചക്ക പുഴുക്ക്, തോരൻ, ബിരിയാണി മുതൽ പഴുത്ത ചക്ക കൊണ്ടുള്ള പായസം, അപ്പം, ഹൽവ, ജാം, ചക്ക വറുത്തത് എന്നിങ്ങനെ പലവിധത്തിൽ പാചകം ചെയ്ത് ഇത് ഉപയോഗിക്കാം.

### ബഹുഫലം

ശാസ്ത്രീയമായി ഒരു ഒറ്റപ്പഴമല്ല; 'മൾട്ടിപ്പിൾ ഫ്രൂട്ട്' വിഭാഗത്തിൽപ്പെട്ട ബഹുഫലമാണ് ചക്ക. ചക്കയുടെ ഓരോ ചുളയും ഓരോ പ്രത്യേകപൂവിൽ നിന്ന് രൂപപ്പെടുന്നതാണ്.

### പ്രമേഹനിയന്ത്രണം

പച്ചച്ചക്കയിൽ ഉയർന്ന അളവിലുള്ള നാരുകളും കുറഞ്ഞ ഗ്ലൈസെമിക് ഇൻഡക്സും അടങ്ങിയിട്ടുണ്ട്. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുന്നു. പ്രമേഹരോഗികൾക്ക് ചക്ക് നല്ല ആഹാരമാണെന്നു സാരം.

### പോഷക കലവറ

വിറ്റാമിൻ എ, വിറ്റാമിൻ സി, പൊട്ടാസ്യം, കാൽസ്യം, ഇരുമ്പ്, മഗ്നീഷ്യം തുടങ്ങി നമ്മുടെ ശരീരത്തിനാവശ്യമുള്ള ഒട്ടനവധി വിറ്റാമിനുകളും മിനറലുകളും ചക്കയിൽ സമൃദ്ധമായി അടങ്ങിയിരിക്കുന്നു.

### ദഹനാരോഗ്യം

ധാരാളമായി നാരുകൾ അടങ്ങിയിട്ടുള്ളതിനാൽ ചക്ക ദഹനം സുഗമമാക്കുകയും മലബന്ധം പോലുള്ള പ്രശ്നങ്ങൾ തടയുകയും ചെയ്യുന്നു. കുടലിന്റെ ആരോഗ്യത്തിനും ചക്ക ഉത്തമമാണ്.

### എനർജി ബൂസ്റ്റർ

ചക്കയിൽ അടങ്ങിയിരിക്കുന്ന ഫ്രക്ടോസ്, സുക്രോസ് തുടങ്ങിയ പ്രകൃദിദത്ത ശർക്കരകൾ ശരീരത്തിന് ഊർജ്ജം നൽകുന്നു. കൊഴുപ്പ് തീരെ കുറവായതിനാൽ ഇവ ശരീരത്തിന് ദോഷം ചെയ്യുകയുമില്ല.

### ചക്കക്കുരു

ചുള മാത്രമല്ല, ചക്കയുടെ കുരുവും ആരോഗ്യത്തിന് ഏറെ ഗുണപ്രദമാണ്. അന്നജവും പ്രോട്ടീനും ധാരാളമുള്ള ചക്കക്കുരു രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാനും ചർമ്മസൗന്ദര്യത്തിനും ഉത്തമമാണ്.

### സീറോവേസ്റ്റ് ഫ്രൂട്ട്

ചക്കയുടെ മിക്ക ഭാഗങ്ങളും ഉപയോഗപ്രദമാണ്. ചുളയും കുരുവും നാം ആഹാരമാക്കുമ്പോൾ, അതിന്റെ മടലും ചവിണിയും കന്നുകാലികൾക്ക് മികച്ച ഭക്ഷണമാണ്.



ഗിഫു മേലാറ്റൂർ

# വിധി കാത്തുവെച്ച നിധി

**ബ**ഗ്ദാദിലെ കന്നുകാലിക്കച്ചവടക്കാരനായിരുന്ന അലിയെ എല്ലാവർക്കും ഇഷ്ടമായിരുന്നു. ഒരു ദിവസം അലിയുടെ ഒരു പശുവിനെ കാണാതായി. പശുവിനെ അന്വേഷിച്ച് കാടും മേടും അലഞ്ഞുതിരിഞ്ഞു. ഒടുവിൽ വഴിതെറ്റി സന്ധ്യയായപ്പോൾ ഒരു വിജനമായ സ്ഥലത്തെത്തി. അല്പമകലെ ഒരു വിളക്കിന്റെ വെട്ടം കണ്ട് അലി അങ്ങോട്ട് നടന്നു. അതൊരു വൃദ്ധന്റെ വീടായിരുന്നു. അവിടെ അപ്പോൾ അലിയെപ്പോലെ വഴിതെറ്റിയെത്തിയ മറ്റൊരാൾ കൂടിയുണ്ടായിരുന്നു. ഖാസിം എന്നു പേരുള്ള രത്നവ്യാപാരിയായിരുന്നു അത്.

വൃദ്ധൻ വയറുനിറയെ ഭക്ഷണവും രുചിയുള്ള സൂപ്പും നൽകി ഇരുവരെയും സൽക്കരിച്ചു. ഭക്ഷണം കഴിക്കുന്നതിനിടെയാണ് ഖാസിം വൃദ്ധന്റെ വിരലിലെ രത്നമോതിരം കണ്ടത്. അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു രത്നമാണതെന്ന് ഖാസിമിനു മനസ്സിലായി. ‘ഈ കിഴവന്റെ കൈയിൽ നിന്ന് ആ മോതിരം എങ്ങനെയെങ്കിലും തട്ടിയെടുക്കണം.’ കാസിം മനസ്സിലുറപ്പിച്ചു.

ഭക്ഷണശേഷം എല്ലാവരും ഉറങ്ങാൻ കിടന്നു. എന്നാൽ, ഖാസിമിനുണ്ടോ ഉറക്കം വരുന്നു! അവൻ വൃദ്ധൻ ഉറങ്ങുന്നതും കാത്തിരുന്നു. വിളക്കിനരികിലിരുന്ന് കാര്യമായി എന്തോ ആലോചനയിലായിരുന്നു വൃദ്ധൻ. ഒടുവിൽ ഖാസിം ഒരു തന്ത്രം പ്രയോഗിക്കാൻ തീരുമാനിച്ചു.

അയാൾ വൃദ്ധന്റെ അരികിലെത്തി. താനൊരു തിരുമ്മുകാരനാണെന്നും വേദന മാറ്റിത്തരാമെന്നും പറഞ്ഞ് വൃദ്ധനെ തിരുമ്മാൻ



തുടങ്ങി. അതിനിടെ വൃദ്ധൻ ചോദിച്ചു:

'മോന്റെ പേരും നാടുമൊക്കെ പറയൂ, കേൾക്കട്ടെ. നല്ല മനുഷ്യരെ ഞാനൊരിക്കലും മറക്കില്ല.'

എന്നാൽ, പേരും നാടുമെല്ലാം പറഞ്ഞാൽ നാളെ രത്നം മോഷ്ടിച്ചതിന് തന്നെ പിടികൂടുമെന്ന് മനസ്സിലാക്കിയ ഖാസിം പതുക്കെ പറഞ്ഞു:

'ബാബാ, എന്റെ പേര് അലി. ഞാൻ ബഗ്ദാദിലെ ഒരു കന്നുകാലിക്കച്ചവടക്കാരനാണ്.'

വൃദ്ധൻ ഏറെ സന്തോഷത്തോടെ ആ പേരും വിലാസവും ഒരു കടലാസിലെഴു

## കടങ്കഥ




*ഉത്തരം: ഞണ്ട്*

തി തന്റെ തകരപ്പെട്ടിയിൽ ഭദ്രമായി വെച്ചു. അല്പസമയത്തിനകം വൃദ്ധൻ നല്ല ഉറക്കമായി. ഖാസിം മെല്ലെ വൃദ്ധന്റെ മോതിരത്തിലെ രത്നമെടുത്ത് വിലകുറഞ്ഞ മറ്റൊരു കല്ല് അതിൽ ഒട്ടിച്ചുവെച്ചു. അല്പനേരം അലിയുടെ അരികിൽ പോയിക്കിടന്നു.

വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം അപ്രതീക്ഷിതമായി അലിയും ഖാസിമും കണ്ടുമുട്ടി. ഒരു പ്രഭുവിനെപ്പോലെ വസ്ത്രവും തലപ്പാവുമണിഞ്ഞ അലിയെ കണ്ട് കാസിം അമ്പരന്നുപോയി.

കുശലാന്വേഷണങ്ങൾക്കിടെ ഖാസിം അലിയോട് ചോദിച്ചു: 'അലീ, അന്ന് നാം താമസിച്ച ആ വൃദ്ധന്റെ വീട്ടിൽ നിന്ന് ആരെങ്കിലും നിന്നെ കാണാൻ വന്നോ?'

അലി ചിരിച്ചുകൊണ്ട് പറഞ്ഞു: 'അതൊരു അത്ഭുതമാണ് ഖാസിം. ആ വൃദ്ധൻ കഴിഞ്ഞ മാസം മരണപ്പെട്ടു. അദ്ദേഹത്തിന് ബന്ധുക്കളായി ആരുമുണ്ടായിരുന്നില്ല. വലിയ സമ്പന്നനായിരുന്നു അദ്ദേഹം. രാജഭടന്മാർ സ്വത്ത് കണ്ടുകെട്ടാൻ വന്നപ്പോൾ അദ്ദേഹത്തിന്റെ പഴയ തകരപ്പെട്ടി തുറന്നുനോക്കി. അതിൽ എന്റെ പേരും വിലാസവുമെഴുതിയ ഒരു കത്തുണ്ടായിരുന്നത്രെ! 'എന്റെ മുഴുവൻ സ്വത്തും എന്റെ വേദന മാറ്റിയ, എന്നെ ശുശ്രൂഷിച്ച അലിക്ക് നൽകണം' എന്ന ഒരു കുറിപ്പും അതിലുണ്ടായിരുന്നത്രെ! അല്ലാഹുവിന്റെ നിശ്ചയം! എനിക്കിപ്പോൾ ഒരു കൊട്ടാരവും അളവറ്റ സമ്പത്തുമുണ്ട്. പക്ഷേ, എന്റെ പേര് എങ്ങനെ ആ വൃദ്ധനു ലഭിച്ചുവെന്നത് എനിക്കിപ്പോഴും അറിയില്ല.'

അതുകേട്ട് ഖാസിം അമ്പരന്നുപോയി. മോഷ്ടിച്ച രത്നത്തെക്കാൾ ആയിരം മടങ്ങ് മൂല്യമുള്ള നിധിയാണ് അന്ന് കള്ളം പറഞ്ഞതു കാരണം തനിക്ക് നഷ്ടപ്പെട്ടതെന്ന് ഖാസിം ഓർത്തു.

# ഞാൻ നട്ട തേന്മാവ്



'**ഈ** പൊള്ളുണ ചൂടത്ത് ഇങ്ങനൊരു തണൽ എന്ത് സുഖാല്ലേ...' മാഞ്ചോട്ടിലിരുന്ന് ഉപ്പാപ്പയുടെ ആത്മഗതം തൊട്ടപ്പുറത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്ന ഞാൻ കേട്ടു. 'മോളേ, ഈ മാങ്ങയൊന്ന് തിന്നുനോക്ക്യേ, എന്തൊരു മധുരാന്നോ!' ഉപ്പാപ്പ എന്നെ വിളിച്ചു പറഞ്ഞപ്പോൾ ഓടിച്ചെന്ന് ഉപ്പാപ്പയുടെ കൈയിൽ നിന്ന് മാങ്ങ വാങ്ങിക്കഴിച്ചു. പറഞ്ഞതു നേരു തന്നെ, നല്ല മധുരം!

'ചെറുപ്പത്തിൽ ഞാൻ നട്ട മാവാണിത്. ഇന്നത് പടർന്നു പന്തലിച്ച് നമുക്കും മറ്റു ജീവജാലങ്ങൾക്കും മധുരഫലങ്ങളും തണലും നൽകുന്നതു കണ്ടില്ലേ? ന്റെ മോളും നല്ലൊരു തേന്മാവ് നടണം കേട്ടോ. ഉപ്പാപ്പ നാളെ ചന്തയിൽ പോകുമ്പോ നല്ല തൈ കൊണ്ടുവരാം.' അങ്ങനെ ഉപ്പാപ്പയുടെ പ്രചോദനം ലഭിച്ചപ്പോൾ ഞാനും നട്ടു ഒരു തേന്മാവ്. പത്തു വർഷങ്ങൾ കഴിഞ്ഞു. ഞാൻ നട്ട തേന്മാവ് ഇന്ന് ഉപ്പാപ്പയുടെ മാവിനു നേരെ തലയുയർത്തി നിൽക്കുന്നു. അതിൽ നിറയെ മധുരമാമ്പഴങ്ങൾ കായ്ക്കുന്നു. ഓരോ മാമ്പഴം കഴിക്കുമ്പോഴും എനിക്കത് വല്ലാത്തൊരനുഭൂതി സമ്മാനിക്കുന്നു. അതിന്റെ ചോട്ടിലിരുന്ന് തണൽ കൊള്ളുന്നു.



***ഫാത്വിമ നശ്‌വ കെ,***
***അൽഹിദായ സുന്നി മദ്റസ,***
***വടക്കേതൊടി***

# മൂകസാക്ഷി

**ഭൂ**മിയിലെ അനീതികൾക്ക്
മൂകസാക്ഷിയാം മേഘങ്ങൾ,
കണ്ണീർവാർത്തു മെല്ലെ
അകന്നകന്നു പോകുന്നു.

***ഫാത്തിമ ടി പി, മൻഹ***
***ജുസ്സുന്നി മദ്റസ, കൂവേരി***

# ചെടിയുടെ സ്നേഹം

**ഒ**രു പരിസ്ഥിതി ദിനത്തിൽ സ്കൂളിൽ നിന്ന് എല്ലാവർക്കും തൈകൾ ലഭിച്ചു. എനിക്കു ലഭിച്ചത് ഒരു നാരങ്ങാത്തൈയാണ്. വീട്ടിലെ പറമ്പിന്റെ ഒരു മൂലയിൽ ഞാനതു നട്ടു. എന്നും വെള്ളമൊഴിച്ചുകൊടുത്തു. ആ ചെടിയിൽ പുതിയ ഇലകൾ വിരിയുന്നത് ഞാൻ നോക്കിനിന്നു. പിന്നെപ്പിന്നെ ആ ചെടിയുടെ കാര്യം ഞാൻ മറന്നു. പിന്നീടൊരിക്കൽ സ്കൂളിൽ നിന്ന് കൂട്ടുകാരി ഓർമ്മിപ്പിച്ചപ്പോഴാണ് ഞാനെന്റെ ചെടിയെക്കുറിച്ചോർത്തത്. അന്ന് സ്കൂൾ വിട്ട് നേരെ പറമ്പിലേക്കോടി. ഇലകൾ കൊഴിഞ്ഞ് വാടിപ്പോയ നാരങ്ങാച്ചെടി കണ്ട് എനിക്ക് സങ്കടമായി. അന്നു മുതൽ വീണ്ടും ഞാൻ അതിനു വെള്ളം ഒഴിച്ചുകൊടുക്കാൻ തുടങ്ങി. ഇപ്പോഴതിന് എന്നെക്കാൾ പൊക്കമുണ്ട്. അതിനു താഴെ നിൽക്കുമ്പോൾ ഞാൻ ആലോചിക്കും, എനിക്ക് ചെടിയോടാണോ ചെടിക്ക് എന്നോടാണോ കൂടുതൽ സ്നേഹം?

***ആഇശ സകിയ്യ ടി കെ,***
***എം എഫ് സുന്നി മദ്റസ,***
***കാരക്കാട്***

# വിരുന്നു വന്ന മഴ

**മാ**നത്ത് കാർമേഘങ്ങൾ കണ്ടുതുടങ്ങി. അവ മെല്ലെ വന്ന് സൂര്യനെ മറച്ചു. മന്ദമാരുതൻ മണ്ണിലും മനസ്സിലും കുളിരു കോരിയിട്ട് കടന്നു പോയി. കാറ്റിന്റെ തലോടലിൽ വൃക്ഷങ്ങൾ നൃത്തമാടി. മഴ പെയ്യാൻ തുടങ്ങി. വരണ്ട സിരകളിലൂടെ വെള്ളം ഭൂമിയിലേക്കരിച്ചിറങ്ങി. ചുറ്റും മണ്ണിന്റെ ഗന്ധം പരന്നു. ഒന്ന് തിമർത്തു പെയ്ത ശേഷം മഴയടങ്ങി. അന്തരീക്ഷം തണുത്തു. ആകാശത്ത് മഴവിൽ വിരുന്നു വന്നു. പ്രകൃതിയുടെ ചേലു കണ്ട് കുഞ്ഞാറ്റക്കിളി പാട്ടുപാടി.

***റുഫൈദ, ക്ലാസ് 6, തഅ്ലീമു സ്സ്വിബിയാൻ മദ്റസ, കോന്നല്ലൂർ***

# കത്തുകൾ

പ്രിയ ബാലകുസുമത്തിന്,

നിന്റെ മധുരമൂറുന്ന കഥകളും താളമുള്ള കവിതകളുമെല്ലാം എനിക്കിഷ്ടമാണ്. അബൂട്ടിയും സഫറും എന്റെ ചങ്ങാതിമാരാണ്. എന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ കഥകളാണവരുടേത്. എപ്പോഴും നിന്നെ കൈയിൽ പിടിച്ചാണെന്റെ നടപ്പ്.

***മുശ്താഖ് ഹബീബ്, കിഴിശ്ശേരി,***
***മഅ്ദിൻ അറബിക് വില്ലേജ്***

പ്രിയ ബാലകുസുമത്തിന്,

എന്തൊരു ഭംഗിയാണ് നിന്നെ കാണാൻ! വിജ്ഞാനത്തിന്റെ ഒരു കുഞ്ഞുലോകം. വൈവിധ്യമാർന്ന, മധുരമൂറുന്ന വിഭവങ്ങൾ ആസ്വദിച്ചു വായിച്ചാണ് ഞാൻ നിന്റെ ഫാനായത്. അപൂർവ്വ ജീവജാലങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ ഏറെ കൗതുകത്തോടെയാണ് വായിക്കാറുള്ളത്. വേഗം വരണേ...

**മുഹമ്മദ് ആരിഫ് കെ വി കുന്നുംപുറം**
**ക്ലാസ് 7 മഅ്ദിൻ അറബിക് വില്ലേജ്**

പ്രിയ ബാലകുസുമത്തിന്,

ഞാൻ എല്ലാ മാസവും നിന്റെ വരവും കാത്തിരിപ്പാണ്. മിസ്റ്റർ മണ്ടപ്പനും ഹോജയും സഫറുമെല്ലാം എന്റെ ചങ്ങാതിമാരാണ്. കളിക്കളവും പദപ്രശ്നവും എനിക്കേറെ ഇഷ്ടമാണ്. പുതിയ വിഭവങ്ങളുമായി വേഗം വരില്ലേ?

***ഫാത്തിമ റിസ്‌വ, ക്ലാസ് 5 സിറാജുൽ***
***ഇസ്‌ലാം മദ്റസ പള്ളപ്പാടി***

# പദപ്രശ്നം 9

| | | | | | |
|---|---|---|---|---|---|
| 8 ക | | 7 | 1 | 2 | |
| 10 | | | 5 | | |
| 4 | 3 | | | | 9 സോ |
| 6 | | | | | |
| 11 | | | 12 ബാ | | |

**വലത്തോട്ട്**

1. ലഹരി ഉപയോഗം തടയാൻ കേരള സർക്കാർ ആരംഭിച്ച പുതിയ ഓപ്പറേഷൻ? (3)
3. മാവിനങ്ങളുടെ രാജാവ് (5)
5. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി? (3)
6. 'കാടിന്റെ കർഷകൻ' എന്നറിയപ്പെടുന്ന പക്ഷി? (4)
8. കാലകത്തിയാൽ തല പിളരും – കടങ്കഥ (3)
10. രണ്ടുകൂട്ടർ തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന തീരാത്ത പക (4)
11. ഇബ്നുബത്തൂത്തയുടെ പ്രസിദ്ധ സഞ്ചാരകൃതി (3)
12. ചിത്രം 1 (2)



ചിത്രം 1

**താഴോട്ട്**

2. താപനില അളക്കാനുപയോഗിക്കുന്ന ഒരു സ്കെയിൽ? (5)
4. 'ദക്ഷിണ ഗംഗ' എന്നറിയപ്പെടുന്ന നദി? (3)
7. ഒട്ടകം മരുഭൂമിയിലെ ........ (3)
9. ലോകത്തിലെ ഏറ്റവും വലിയ സിംഗിൾ ട്യൂബ് റോഡ് ടണൽ (3)

## പദപ്രശ്നം 8 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 ധ | ർ | 9 മ | ടം | 7 വീ | ണ |
| 4 നു | കം | ഞ്ഞ് | 8 സൈ | ര | ന്ധ്രി |
| ഷ് | | 3 പൂ | 6 ചാ | പ്പ | ൽ |
| കോ | 5 ച | മ്പാ | ര | ൻ | 10 കാ |
| 2 ടി | ബ | റ്റ | ൻ | 11 ച | ക്ക |

പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യു ആർ കോഡ് സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുക.

അവസാന തീയതി: 2026 ജൂലൈ 10

## പദപ്രശ്നം 8 വിജയികൾ

1. ഫാത്തിമ ഹുസ്ന, ക്ലാസ് 5, അൽഅസ്ഹർ മദ്റസ, ചൊക്ലി
2. ഫാത്തിമ നസ്ബിൻ പി.എ, ക്ലാസ് 10, ഹുസൈനിയ മദ്റസ, തമ്മനം
3. മുഹമ്മദ് റസീൻ കെ, ക്ലാസ് 4, ഹിദായ തുസ്സ്വിബ്യാൻ സുന്നി മദ്റസ, പാലാണി
4. മുഹമ്മദ് ഇഹ്സാൻ സി കെ, ക്ലാസ് 4, മമ്പഉൽഹിദായ ഹയർ സെക്കണ്ടറി മദ്റസ, ചെണ്ടപ്പുറായ
5. ഇസ്യാൻ ഒ, ക്ലാസ് 5, മമ്പഉൽ ഹിദായ ഹയർസെക്കൻഡറി മദ്റസ, ചെണ്ടപ്പുറായ
6. റിഫ്ദ ബതൂൽ, ക്ലാസ് 4, മൻശഉൽ ഖൈർ മദ്റസ, കുഴിച്ചെന
7. ഹന്ന സഊദ കെ, ക്ലാസ് 7, റൗളതുത്വാലിബീൻ മദ്റസ, തുവ്വപ്പാറ
8. സൽമാനുൽ ഫാരിസി, ക്ലാസ് 4, ജലാലിയ്യ മദ്റസ തയ്യിൽ വേളി, മണ്ണഞ്ചേരി
9. മുഹമ്മദ് മിശാൽ കെ, ക്ലാസ് 5, മൂസൽകാളിം സുന്നി മദ്റസ, കല്ലൻകുളമ്പ്
10. മുഹമ്മദ് യാസീൻ കെ എസ്, ക്ലാസ് 5, ഇലാഹിയ മദ്റസ, പഴവൂർ, തൃശ്ശൂർ

# കാരുണ്യം

സലാം തിരുമല

**അ**തിഥികളെ സൽക്കരിക്കുന്നതിൽ ഉത്തമ മാതൃകയായിരുന്നു ഇബ്റാഹീം നബി(അ). തന്റെ പടിവാതിൽക്കൽ വരുന്ന ഒരാളെപ്പോലും ആഹാരം നൽകാതെ അദ്ദേഹം മടക്കി അയച്ചിരുന്നില്ല. അതിഥികളില്ലാതെ ഭക്ഷണം കഴിക്കുന്നത് അദ്ദേഹത്തിന് ചിന്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. ഒരിക്കൽ, തളർന്നവശനായ ഒരു വൃദ്ധൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി. ആദരവോടെ അയാളെ സ്വീകരിച്ച ഇബ്റാഹീം നബി(അ) പെട്ടെന്ന് വിഭവസമൃദ്ധമായ വിരുന്ന് തയ്യാറാക്കി.

ആഹാരം കഴിക്കുന്നതിനു മുമ്പ് രക്ഷിതാവായ അല്ലാഹുവിനെ സ്തുതിക്കാൻ നബി വൃദ്ധനോടാവശ്യപ്പെട്ടു. എന്നാൽ, വൃദ്ധൻ അതിന് തയ്യാറായില്ല. ‘എനിക്ക് നിങ്ങളുടെ ദൈവത്തെ സ്തുതിക്കാൻ



കഴിയില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ലോകരക്ഷിതാവായ അല്ലാഹുവിനെ അധിക്ഷേപിച്ച അതിഥിയോട് ഇബ്റാഹീം നബി(അ)ക്ക് വല്ലാത്ത ദേഷ്യം തോന്നി. അദ്ദേഹം ആ വൃദ്ധനെ വീട്ടിൽ നിന്നു പുറത്താക്കി.

വൈകാതെ, നബിക്ക് അല്ലാഹുവിന്റെ സന്ദേശം ലഭിച്ചു: 'ഇബ്റാഹീം, ആ മനുഷ്യന് എഴുപത് വയസ്സുണ്ട്. ഇത്രയും കാലം എന്നെ നിഷേധിച്ചിട്ടും ഞാനയാൾക്ക് ആഹാരവും അഭയവും നൽകിക്കൊണ്ടിരുന്നു. ഒരു നിമിഷം പോലും ഞാൻ അയാളെ കൈവിട്ടിട്ടില്ല. എന്നാൽ, ഒരു നേരത്തെ ഭക്ഷണത്തിന്റെ പേരിൽ അയാളോട് ക്ഷമിക്കാൻ താങ്കൾക്ക് കഴിഞ്ഞില്ല അല്ലേ?'

ആ വചനങ്ങൾ ഇബ്റാഹീം നബി(അ)യുടെ ഉള്ളിൽ തറച്ചു. അദ്ദേഹം ഉടനെ പുറത്തേക്കോടി. ദൂരെ അവശനായി നടന്നു നീങ്ങുന്ന ആ വൃദ്ധനെ വിളിച്ചു കൊണ്ടുവന്നു. ക്ഷമ ചോദിച്ചു.

നബിയിൽ പെട്ടെന്നുണ്ടായ ഭാവമാറ്റം കണ്ട് വൃദ്ധൻ അത്ഭുതപ്പെട്ടു. 'അല്പം മുമ്പ് എന്നെ പുറത്താക്കിയ താങ്കൾക്കിപ്പോൾ എന്തു പറ്റി?' അദ്ദേഹം ആരാഞ്ഞു. അല്ലാഹുവിൽ നിന്ന് ലഭിച്ച സന്ദേശം നബി അദ്ദേഹത്തിന് വിവരിച്ചു കൊടുത്തു.

ധിക്കാരികളോടു പോലും ഇത്രയേറെ കാരുണ്യം കാണിക്കുന്ന ഒരു ദൈവമുണ്ടെന്ന സത്യം ആ വൃദ്ധന്റെ കണ്ണു തുറപ്പിച്ചു. അയാൾ സത്യവിശ്വാസിയായി മാറി.





## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 17

# നാഗാലാൻഡ്

- തലസ്ഥാനം: കൊഹിമ
- വിസ്തീർണം: 16,579 ച.കി.മീ
- ജനസംഖ്യ: 19,78,502
- ജനസാന്ദ്രത: 119/ച.കി.മീ
- സ്ത്രീപുരുഷാനുപാതം: 931/1000
- സാക്ഷരത: 79.55%
- ഭാഷ: ഇംഗ്ലിഷ്, സീമ, കൊൻയാക്, ചാങ് അൻഗാമി, ലോത
- ലോക്സഭാ സീറ്റുകൾ: 1
- രാജ്യസഭാ സീറ്റുകൾ: 1
- അസംബ്ലി സീറ്റുകൾ: 60

### ചരിത്രം

ഇന്ത്യയുടെ വടക്കുകിഴക്കൻ കുന്നുകളിൽ അധിവസിക്കുന്ന നാഗന്മാർ ഇന്തോ-മംഗ്ലോയ്ഡ് വംശജരാണ്. ബ്രിട്ടീഷ് ഭരണത്തിനു കീഴിലായിരുന്ന ഈ പ്രദേശം സ്വാതന്ത്ര്യാനന്തരം നാഗാഹിൽസ് ട്യൂൻ സാങ് ഏരിയ എന്ന പേരിൽ 1957ൽ കേന്ദ്രഭരണപ്രദേശമായി. 1961ൽ നാഗാലാൻഡ് എന്ന പേര് നാഗാപ്രദേശത്തിനു നൽകി. 1963 ഡിസംബർ ഒന്നിന് നാഗാലാൻഡ് സംസ്ഥാനം നിലവിൽവന്നു.

### ജില്ലകൾ (16)

1. കൊഹിമ 2. ഫെക് 3. മൊകോക്ചുങ് 4. സുൻഹെബൊട്ടോ 5. വൊഖ 6. ട്വിൻസങ് 7. മോൺ 8. ദിമാപുർ 9. കിഫൈർ 10. ലോങ്ലെങ് 11. പെരെൻ, 12. ചുമുകെദിമ 13. നിയുലാൻഡ് 14. നോക്ലാക് 15. ഷമതോർ 16. സെമന്യു.

**സംസ്ഥാന പുഷ്പം : റോഡോ ഡെൻ ഡ്രോൺ**
**സംസ്ഥാന വൃക്ഷം : ആൽഡെർ**
**സംസ്ഥാന പക്ഷി : ബ്ലിത്ത്സ് ട്രഗോപൻ**
**സംസ്ഥാന മൃഗം : മിഥുൻ**




### അതിർത്തികൾ

**വടക്ക്** – അരുണാചൽപ്രദേശ്
**തെക്ക്** – മണിപ്പൂർ
**കിഴക്ക്** – മ്യാൻമർ
**പടിഞ്ഞാറ്** – അസം

Current Affairs

## എബോള വീണ്ടും

ആഫ്രിക്കൻ രാജ്യങ്ങളായ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഉഗാൺഡ, റുവാൺഡ എന്നിവിടങ്ങളിലെ എബോള വൈറസ് വ്യാപനത്തെ തുടർന്ന് ലോകാരോഗ്യ സംഘടന അന്താരാഷ്ട്ര പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

## ഒപെക് വിട്ട് യു.എ.ഇ

എണ്ണയുത്പാദന രാജ്യങ്ങളുടെ കൂട്ടായ്മയായ ഒപെക്കിൽനിന്ന് യു.എ.ഇ പിന്മാറി. മേയ് 1 മുതൽ എണ്ണയുത്പാദനവും വ്യാപാരവും യു.എ.ഇ സ്വതന്ത്രമായാണ് നടത്തുന്നത്. ഒപെക്കിന്റെ നിയന്ത്രണമുണ്ടായിരുന്നതിനാൽ, മൊത്തം ശേഷിയെക്കാൾ കുറഞ്ഞ അളവിലാണ് യു.എ.ഇ എണ്ണ ഉത്പാദിപ്പിച്ചിരുന്നത്.

## പുരസ്കാരത്തിളക്കം

അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയറോനോട്ടിക്സ് ആൻഡ് ആസ്ട്രോനോട്ടിക്സിന്റെ ബഹിരാകാശരംഗത്തെ ഉന്നതബഹുമതിയായ ഗൊദാർദ് ആസ്ട്രോനോട്ടിക്സ് പുരസ്കാരം നേടി ചന്ദ്രയാൻ-3. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ വിജയകരമായി പേടകം ഇറക്കിയതിലൂടെ മനുഷ്യരാശിയുടെ ചന്ദ്രനെക്കുറിച്ചുള്ള അറിവുകൾ വർധിപ്പിച്ചതിനാണ് അംഗീകാരം.

## ഇന്ത്യ @157

റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് പുറത്തുവിട്ട ലോക മാധ്യമസ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ 157-ാം സ്ഥാനത്ത്. ആകെ 180 രാജ്യങ്ങളാണ് പട്ടികയിലുള്ളത്. കഴിഞ്ഞവർഷം ഇന്ത്യ 151-ാം സ്ഥാനത്തായിരുന്നു. ഒന്നാംസ്ഥാനത്ത് നോർവേയാണ്.

## പുലിറ്റ്സർ പുരസ്കാരം

സൈബർതട്ടിപ്പുകളെക്കുറിച്ചുള്ള റിപ്പോർട്ടിംഗിന് ഇന്ത്യൻ മാധ്യമപ്രവർത്തകരായ ആനന്ദ് ആർ കെ, സുപർണ ശർമ എന്നിവർക്ക് പുലിറ്റ്സർ പുരസ്കാരം. 'ഇലസ്ട്രേറ്റഡ് റിപ്പോർട്ടിംഗ് ആൻഡ് കമന്ററി' വിഭാഗത്തിലാണ് പുരസ്കാരം.

## നീറ്റല്ല നീറ്റ്

മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റ് (നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്) യു.ജി പരീക്ഷയിലെ ചോദ്യപേപ്പർ ചോർച്ച വൻവിവാദമായി. മേയ് മൂന്നിന് 23 ലക്ഷത്തോളം കുട്ടികളെഴുതിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നവിവരം നാലുദിവസങ്ങൾക്കിപ്പുറമാണ് പുറത്തുവന്നത്.

# മോഷണ വിദ്യ


ആട്ടിടയൻ വീട്ടിലേക്ക് മടങ്ങുകയായിരുന്നു.
ങേ! ഒരു സുന്ദരൻ ചെന്നായക്കുഞ്ഞ്
ഇവനെ വീട്ടിൽ കൊണ്ടുപോയി വളർത്താം.
ങീ...
ഇടയൻ ചെന്നായയെ പാലും ആഹാരവുമെല്ലാം നൽകി വളർത്തി.
ഇതാ... പാൽ കുടിച്ചോളൂ...
ഗ്ലപ്! ഗ്ലപ്!
ഏതാനും നാളുകൾ കഴിഞ്ഞു. ചെന്നായക്കുഞ്ഞ് വലുതായി.
നീ ഇപ്പോൾ ഏറെ വലുതായല്ലോ. ഇനി ഒറ്റയ്ക്ക് വേട്ടയാടാൻ പഠിക്കണം.
ശരി, ഞാൻ പഠിക്കാം.


ചെന്നായ വിദ്യകളെല്ലാം പഠിച്ചു.
ഇന്നു രാത്രി അയൽവീട്ടിൽ ചെന്ന് ഒരാടിനെ പിടിച്ചു കൊണ്ടുവരണം.
ശരി, കൊണ്ടുവരാം.
മിടുക്കൻ! വിദഗ്ധമായി ആടിനെ മോഷ്ടിച്ചു കൊണ്ടുവന്നല്ലോ.
അയൽവീടുകളിലെ ആടുമോഷണം പതിവായി.
ഇതാ, ഇന്നത്തെ ആട്.
മിടുക്കൻ! നമുക്ക് എന്നും കുശാലായി.
ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ,
അയൽവീടുകളിലെ ആടുകളെല്ലാം തീർന്നു. ഇനി നമ്മുടെ ആടുകളെ തന്നെ പിടിച്ചുതിന്നാം, അല്ലേ?
ങേ?
പ്രയോഗിക്കാതിരുന്നാൽ വിദ്യകൾ മറന്നുപോകുമെന്നല്ലേ താങ്കൾ പറഞ്ഞിരുന്നത്?
കഷ്ടം! കളവും ചതിയും പഠിപ്പിച്ചാൽ തിരിച്ചടിക്കുമെന്ന് ഓർത്തില്ല.





## വഴി കാണിക്കാമോ?

പന്തുകളിക്കുക
യായിരുന്നു
കുഞ്ഞിപ്പൂച്ച.
ഇടയ്ക്ക് പന്ത്
കുഴിയിൽ വീണു.
പന്തിനടുത്തെത്താൻ
കുഞ്ഞിപ്പൂച്ചയെ
കൂട്ടുകാർ
സഹായിക്കില്ലേ?

## ഇരട്ടകളേത്?

ഇരട്ടകളെ വൃത്തത്തിലാക്കൂ.



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം



Story Line

# The Biter Learns a Lesson



**O**nce upon a time, there was a biting dog in a village. Not only were the goats and chickens afraid of him, but even the other dogs were scared to go near him!

One day, the biting dog bumped into a big bull. Hoping to scare him, the dog growled, "Do you have any idea how sharp my teeth are? They aren't meant for chewing grass and straw like yours. My teeth are razor-sharp, made for crunching through hard bones! Get out of my way and run before I bite you!"

Hearing this, the bull got very angry. He rushed forward, scooped the dog up with his sharp horns, and tossed him high into the air! The biting dog flew up and landed far away with a loud thud. Seeing the dog's miserable condition, a clever crow flying by remarked: "If you try to pick a fight without looking at who you are up against, this is exactly what happens!"



# കടിയൻ പഠിച്ച പാഠം

നാട്ടിൽ ഒരു കടിയൻ പട്ടിയുണ്ടായിരുന്നു. ആടുകൾക്കും കോഴികൾക്കും മാത്രമല്ല, മറ്റു പട്ടികൾക്കുപോലും അവനെ പേടിയായിരുന്നു. ഒരിക്കൽ കടിയൻ പട്ടി എതിരെ വന്ന ഒരു കാളയെ ഭീഷണിപ്പെടുത്തി: 'എന്റെ പല്ലിന്റെ മൂർച്ച നിനക്കറിയാമോ? പുല്ലും വൈക്കോലും ചവയ്ക്കുന്ന പല്ലല്ല; എല്ലുകൾ കടിച്ചു മുറിക്കുന്ന കൂർത്ത പല്ലാ എന്റേത്! എന്റെ മുമ്പിൽ നിന്ന് വേഗം ഓടിക്കോ!' അതുകേട്ട് കാളയ്ക്കു ദേഷ്യം വന്നു. അവൻ പാഞ്ഞുചെന്ന് പട്ടിയെ കൊമ്പിൽ തൂക്കിയെടുത്ത് ഒറ്റയേറ്! കടിയൻ ദൂരെ ചെന്നു വീണു. 'ആളും തരവും നോക്കാതെ ഏറ്റുമുട്ടാൻ ചെന്നാൽ ഇതുതന്നെ ഗതി!' പട്ടിയുടെ അവസ്ഥ കണ്ട് അതുവഴി പോയ ഒരു കാക്ക പറഞ്ഞു.

***The Moral of the Story :****Never be a bully, and always think before you challenge someone bigger and stronger than you!*

# Grammar

## Prepositions

***Preposition*** *is a short word (like in, on, at, to, under) used to connect nouns, pronouns, or phrases to other words within a sentence. They tell you how things relate to each other in terms of* ***direction, time, place, or space.*** *Without prepositions, our sentences wouldn't make much sense.*

For example, instead of saying "The cat is under the bed," you would just say "The cat is the bed," which changes the meaning entirely!

### 3 Types of Prepositions

To make it easy to understand, prepositions usually answer three main questions:

***1. Where is it? (Prepositions of Place)***



These words tell you the position or location of something.

*Eg: in, on, under, behind, between, over, next to*

*Sentence: The apple is* ***on*** *the table.*

### *2. When is it? (Prepositions of Time)*




These words tell you when something happens.

*Eg: at, on, in, before, after, during*

Sentence: The school starts **at** 8:30 AM.

### *3. Where is it going? (Prepositions of Direction/Movement)*

These words show the movement of something from one place to another.

*Eg: to, into, onto, through, across, towards*

Sentence: The boy kicked the ball **into** the net.



**Try to write 5 Sentences using prepositions mentioned above.**

1. ..........................................................................................
2. ..........................................................................................
3. ..........................................................................................
4. ..........................................................................................
5. ..........................................................................................


Master Imitable
Adil, what is that flying over there?
Those are winged termites.
Where do they come from?
They come from underneath the soil.
From underneath the soil? How do they live there?
Haven't you seen termites? They are the same.
But termites don't usually have wings, do they?
When they grow up, certain types of termites develop wings.
This is truly a new piece of information for me.


If we go over there, you can see them emerging from the ground.
Can we really see it?
Yes, we really can. Look over there, that's where they are flying up from.
Look, they are coming out one by one.
This is quite a great wonder indeed!
How long do these tiny insects live?
They only have a lifespan of a few hours.
Are all these birds out here to catch them?
Yes, it's a grand feast for them today.
The survival of each living being is a wonder, isn't it?
Absolutely. Subhanallah, who sustains the entire universe!

# WORD PUZZLE

Read the story **'The Biter Learns a Lesson'** and find out 10 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| C | L | E | V | E | R | D |
| R | T | A | O | G | O | D |
| O | T | N | L | A | W | U |
| W | E | R | F | L | N | H |
| A | E | O | A | L | U | T |
| Y | T | H | G | I | F | B |
| T | H | I | S | V | R | S |

## Name me



V



V



V

ANS: Van, Vulture, Volcano

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 4 | 1 | | | | 2 | | |
| | | 9 | | 5 | | 1 | 3 | 8 |
| | | | 1 | 6 | 2 | | | |
| 6 | 9 | | 7 | | 5 | 4 | | |
| | | 4 | 6 | | | 9 | | 5 |
| 5 | | 7 | | 1 | 4 | | | |
| | 7 | | 3 | | | | | 1 |
| | | | 5 | 9 | | 3 | | |
| | 1 | 8 | | | | | 9 | 4 |

## Sudoku

ANSWER
**2026 June Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 5 | 7 | 2 | 1 | 3 | 4 | 8 | 6 |
| 8 | 2 | 6 | 5 | 4 | 9 | 1 | 7 | 3 |
| 3 | 4 | 1 | 6 | 8 | 7 | 9 | 2 | 5 |
| 4 | 8 | 9 | 3 | 7 | 5 | 2 | 6 | 1 |
| 7 | 3 | 2 | 1 | 9 | 6 | 5 | 4 | 8 |
| 6 | 1 | 5 | 4 | 2 | 8 | 3 | 9 | 7 |
| 2 | 6 | 4 | 7 | 5 | 1 | 8 | 3 | 9 |
| 5 | 9 | 3 | 8 | 6 | 4 | 7 | 1 | 2 |
| 1 | 7 | 8 | 9 | 3 | 2 | 6 | 5 | 4 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**